കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XLI-ഗതാഗതം | 2016-17 | ഗതാഗത (ഡി) വകുപ്പ് (റെയിൽവേ) |
| ,, | 2017-18 | ,, |
| ,, | 2018-19 (കാലതാമസ പത്രിക സഹിതം) | ,, |
| XVI- പെൻഷനും പലവകയും | 2020-21 | പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് [കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി] |

## VI. നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2021-ലെ കേരള ധനകാര്യ ബിൽ

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബില്ലും 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് കൂടുതൽ സംസാരിക്കേണ്ട ഒരു വിഷയമല്ല. കാരണം സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുമുമ്പ് ഈ കാര്യങ്ങൾ സംബന്ധിച്ച് ഇവിടെ ചർച്ച നടന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെനിന്ന് അംഗീകരിച്ചുവിട്ടത് തന്നെയാണ് സബ്ജക്ട് കമ്മിറ്റിയിൽനിന്നും അംഗീകരിച്ചുവന്നത്. ഇവിടെ ഒഫീഷ്യൽ അമെന്റ്മെന്റായി പുതുതായൊന്നും അവതരിപ്പിക്കുന്നില്ല. സബ്ജക്ട് കമ്മിറ്റിയിൽ വന്ന ബില്ലാണെങ്കിലും എന്തൊക്കെയാണിത് എന്നുമാത്രം പറയാം. നിലവിൽ നികുതി അടയ്ക്കുന്ന ചില ഡേറ്റുകൾ നീട്ടുന്നത് സംബന്ധിച്ചാണ് കേരള ധനകാര്യ ബില്ലിലും കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിലും പറയുന്നത്. നികുതി ആംനസ്റ്റി സ്കീമുകളുടെ ഡേറ്റ് നീട്ടുമെന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു. അതുപോലെ ജി.എസ്.ടി. കൗൺസിൽ കാലാകാലങ്ങളിൽ അംഗീകരിക്കുന്ന നിയമ ഭേദഗതികളുണ്ട്. അതും നമ്മുടെ ഫിനാൻസ് ബില്ലിൽ വരണം. ഇവ കൂടി കൂട്ടിച്ചേർക്കുന്നതിനാണ് ഈ അമെന്റ്മെന്റ്. അതുപോലെതന്നെ പഞ്ചായത്തീരാജ് ആക്ടിന് അല്പം ഭേദഗതി വരുത്തിക്കൊണ്ട് ഗ്രീൻ ബിൽഡിംഗിന് നികുതി കുറയ്ക്കുന്ന ഒരു പ്രഖ്യാപനം കഴിഞ്ഞ ബഡ്ജറ്റിലുണ്ടായിരുന്നു. അതും ഇവിടെ ഇഫക്ടിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് നിലവിൽ കേരള സർച്ചാർജ്ജ് ഓൺ ടാക്സസ് ആക്ട്, KGST ആക്ട്, കേരളാ അഗ്രികൾച്ചറൽ ഇൻകം ടാക്സ് ആക്ട്, കേരള ലക്ഷ്വറി ടാക്സ് ആക്ട്, വാറ്റ് ആക്ട്, കേരള കോർട്ട് ഫീസ് ആൻഡ് സ്യൂട്ട് വാല്യൂവേഷൻ ആക്ട്, കേരള ബിൽഡിംഗ് ടാക്സ് ആക്ട് എന്നീ ആക്ടുകളിൽ ഈ ഭേദഗതി ഉൾക്കൊള്ളിക്കണം. ഗ്രീൻ ബിൽഡിംഗിന്റെ ടാക്സ് കുറയ്ക്കുന്നുണ്ട്. അതുപോലെതന്നെ LNG (Liquefied Natural Gas)-യുടെ ടാക്സ് 14.5 ശതമാനത്തിൽനിന്നുമ്പർ 5 ശതമാനമായി ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കുറയ്ക്കുന്നുണ്ട്. ജി.എസ്.ടി. ട്രൈബ്യൂണലിന് നേരത്തെ കോർട്ട് ഫീ ഒരു ശതമാനമായിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ അപ്പലേറ്റ് ട്രിബ്യൂണലിന് നികുതിയില്ലാത്തതുകൊണ്ട് നമ്മൾ ഒരു ശതമാനം എന്നുള്ളത് മാറ്റി മാക്സിമം 20,000 രൂപ എന്ന നിലയിലേയ്ക്ക് വന്നു. അത് സാധാരണ വ്യാപാരികൾക്കും ടാക്സ് അടയ്ക്കുന്നവർക്കും ഒരു സൗകര്യമാണ്. വാറ്റിന്റെയും മറ്റും കുടിശ്ശികയുള്ളവർക്ക് ജനറൽ ആംനസ്റ്റിയിൽ ഓപ്ഷൻ കൊടുക്കാനുള്ള അവസരം 2021 ആഗസ്റ്റ് 31-ൽ നിന്നും നവംബർ 31 വരെ നീട്ടി. ആംനസ്റ്റി സ്കീമിൽ പേമെന്റ് കൊടുക്കാനുള്ള സമയം മാർച്ച് 31, 2022 ആണ്. ബാർ ഹോട്ടലുകൾ അടഞ്ഞുകിടന്നതിന്റെ സാങ്കേതിക പ്രശ്നം കാരണം അവർക്ക് ഓപ്ഷൻ കൊടുക്കാനുള്ള അവസാന തീയതി ജൂൺ 30-ൽനിന്നും സെപ്റ്റംബർ 30 വരെയായി നീട്ടിയിട്ടുണ്ട്. അത് ഈ ഭേദഗതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പേമെന്റ് അടയ്ക്കാനുള്ള ദിവസം അവർക്ക് നേരത്തെ അനുവദിച്ചിരുന്നത് ജൂലൈ 31 ആണ്. അത് ഇപ്പോൾ ഒക്ടോബർ 31 വരെയാക്കി. ഇങ്ങനെയുള്ള ചില ഭേദഗതികൾ മാത്രമാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്. എല്ലാവരും ചേർന്ന് ചർച്ച ചെയ്ത സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഈ സഭ അംഗീകരിക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. കെ. പ്രേംകുമാറിനുവേണ്ടി ശ്രീ. പി. വി. ശ്രീനിജിൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ദിവസങ്ങളിൽ വ്യത്യസ്തമായ നിരവധി ധനാഭ്യർത്ഥനകൾ നമ്മൾ ചർച്ച ചെയ്യുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. നികുതി അടയ്ക്കുന്നതെന്തിനാണെന്നുള്ള യാഥാർത്ഥ്യം നമ്മൾ വിസ്മരിച്ചുകൂട. ജനങ്ങളുടെ പൊതു ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പൗരന്മാരിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സർക്കാർ പിരിച്ചെടുക്കുന്ന തുകയാണ് യഥാർത്ഥത്തിൽ നികുതി. നികുതികളുടെ പ്രാഥമികമായ ലക്ഷ്യം വിഭവ സമാഹരണമാണെങ്കിലും മറ്റ് സാമൂഹ്യലക്ഷ്യങ്ങൾ നേടാൻവേണ്ടിയും കാലാകാലങ്ങളിലായി സർക്കാരുകൾ നികുതി വരുമാനം ഉപയോഗിച്ചുവരുന്നുണ്ട്. പുനർവിതരണത്തിലൂടെ സമൂഹത്തിലെ അസമത്വം കുറയ്ക്കുക എന്നത് നികുതി സമ്പ്രദായത്തിന്റെ ഒരു പ്രധാനപ്പെട്ട സാമൂഹിക ലക്ഷ്യമാണ്. അടയ്ക്കുന്ന നികുതിക്കാനുപാതികമായി സേവനങ്ങളുടെ പ്രയോജനം കിട്ടുന്നുവെന്ന തോന്നലുണ്ടായാൽത്തന്നെ നികുതി നൽകുവാനും മറ്റ് ക്ഷേമപ്രവർത്തനങ്ങളിലേയ്ക്ക് സംഭാവനകൾ നൽകുവാനും പൗരന്മാർ സ്വമേധയാ തയ്യാറാകും. ഉദാഹരണത്തിന് പ്രളയ സമയത്ത് വാക്സിൻ ചലഞ്ചിലേയ്ക്ക് ജനങ്ങൾ സംഭാവനകൾ നൽകിയത് ഈ സർക്കാരിലുള്ള അവരുടെ വിശ്വാസം ഒന്നുകൊണ്ടുമാത്രമാണ്.

ഒരു ക്ഷേമരാഷ്ട്രത്തിന്റെ നിലനിൽപ്പുതന്നെ നികുതി വരുമാനത്തെ ആശ്രയിച്ചാണ്. നമ്മുടെ പൊതുജനാരോഗ്യ രംഗത്തെയും പൊതുവിദ്യാഭ്യാസ രംഗത്തെയും മികച്ച പ്രകടനങ്ങളിൽ നമ്മുടെ നികുതി സമ്പ്രദായ വ്യവസ്ഥയുടെ സംഭാവന എത്രത്തോളമുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. 2021 സാമ്പത്തിക വർഷത്തിൽ നികുതി - ജി.ഡി.പി. അനുപാതം 9.88 ശതമാനം ആയിരുന്നെങ്കിൽ മറ്റ് രാജ്യങ്ങളുമായി തുലനം ചെയ്യുമ്പോൾ നികുതി-ജി.ഡി.പി. അനുപാതം ഇന്ത്യയിൽ വളരെക്കുറവാണ്. ഈ കുറഞ്ഞ നികുതി-ജി.ഡി.പി. അനുപാതം ഇവിടത്തെ വികസന പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നു എന്നുവേണം നാം മനസ്സിലാക്കേണ്ടത്. യൂറോപ്പിലെ നോർഡിക് രാജ്യങ്ങളിലെ ക്ഷേമരാഷ്ട്ര സങ്കൽപ്പങ്ങൾക്ക് മുതൽക്കൂട്ടായി നിൽക്കുന്നത് ഉയർന്ന നികുതി-ജി.ഡി.പി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുപാതമാണെന്ന സത്യം നാം അറിയേണ്ടതുണ്ട്. ഈ രാജ്യങ്ങളിലെ നികുതി-ജി.ഡി.പി. 35 മുതൽ 40 ശതമാനം വരെയാണ്. നികുതിയായി പിരിച്ചെടുക്കുന്ന തുക ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലാണ് സർക്കാരുകൾ വിനിയോഗിക്കുന്നതെങ്കിൽ, ജനങ്ങൾക്ക് അത് ബോദ്ധ്യപ്പെട്ടാൽ നികുതിയെക്കുറിച്ച് അവർ പരാതിപ്പെടാൻ സാധ്യതയില്ല. നേരെമറിച്ച് ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റാൻ സർക്കാരിന് കഴിയുന്നില്ലെങ്കിൽ ചെറിയ നികുതികൾപോലും എതിർക്കപ്പെട്ടേയ്ക്കാം. ഒന്നാം പിണറായി സർക്കാർ കൊണ്ടുവന്ന വികസന നേട്ടങ്ങളാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വീണ്ടും അധികാരത്തിലെത്താൻ എൽ.ഡി.എഫ്. മുന്നണിക്ക് സഹായകരമായതെന്ന് പറയാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇന്ന് നികുതി പിരിവിനെതിരെ ഒരു ബോധം വളർത്തിയെടുക്കാൻ മനഃപൂർവ്വം ചിലർ ശ്രമിക്കുന്നുണ്ട്. സമൂഹത്തിന്റെ ക്ഷേമ സങ്കൽപ്പങ്ങൾക്കെതിരായി നിൽക്കുന്ന നവലിബറൽ ചിന്താഗതി ഈ ബോധത്തിന് ശക്തിപകരുന്ന ഒന്നാണ്. മേൽപ്പറഞ്ഞ പ്രചരണങ്ങളെ നേരിടാൻ നികുതി സാക്ഷരത അഥവാ tax literacy അല്ലെങ്കിൽ ഒരു നികുതി ബോധം ജനങ്ങൾക്കിടയിൽ കൊണ്ടുവരേണ്ടത് വളരെ അനിവാര്യമാണ്. 2010 മാർച്ച് മാസം അവസാനിച്ച സാമ്പത്തിക വർഷത്തിൽ കുടുംബങ്ങളിൽ ചുമത്തപ്പെട്ട നികുതി ഭാരം ഇന്ത്യാ രാജ്യത്ത് 60 ശതമാനമായിരുന്നെങ്കിൽ ഇപ്പോൾ അത് 75 ശതമാനമാണ്. ഒരു വശത്ത് കോവിഡ് സംബന്ധമായ ആരോഗ്യ കാര്യങ്ങൾക്കായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്നു. മറുഭാഗത്ത് തൊഴിലില്ലായ്മയും ശമ്പളം വെട്ടിക്കുറയ്ക്കലും തുടർന്നുകൊണ്ടിരിക്കുന്നു. ഇന്ത്യൻ കുടുംബങ്ങളെ ഇത് വലിയ രീതിയിൽ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുകയാണ്. അധികമായി നികുതി ഭാരം അടിച്ചേൽപ്പിക്കുകയും ആനുപാതികമായി ക്ഷേമപ്രവർത്തനങ്ങൾ ജനങ്ങൾക്ക് നൽകാതിരിക്കുകയും ചെയ്യുന്ന ഒരു അവസ്ഥാവിശേഷമാണ് ഇന്ന് ഇന്ത്യാ രാജ്യത്തുള്ളത്. വളരെ അടിസ്ഥാനതരത്തിലുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കു പോലും റോഡിലിറങ്ങി സമരം ചെയ്യേണ്ട അവസ്ഥാ വിശേഷമാണ് ഭാരതത്തിലുടനീളം കേന്ദ്ര സർക്കാർ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇന്ധനവില നിർണ്ണയത്തിന്റെ കാര്യത്തിലായാലും പാചകവാതക വില നിർണ്ണയത്തിന്റെ കാര്യത്തിലായാലും വാക്സിന്റെ കാര്യത്തിൽപ്പോലും ഈ അവസ്ഥ നമ്മൾ നേരിൽ കണ്ടതാണ്. ഈ സാഹചര്യങ്ങളെല്ലാം മനസ്സിലാക്കിയാണ് എൽ.ഡി.എഫ്. സർക്കാർ നികുതി സംബന്ധമായ തീരുമാനങ്ങളെടുക്കുന്നത്. നികുതി താങ്ങാനുള്ള ജനങ്ങളുടെ സാമ്പത്തിക ക്ഷമതകൂടി കണക്കിലെടുത്ത് മാത്രമെ നികുതി ചുമത്താവൂ

എന്ന അടിസ്ഥാന പ്രമാണത്തിൽ നിന്നുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ ഓരോ തീരുമാനവും എടുക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സാമ്പത്തികസ്ഥിതി അത്ര ഭദ്രമല്ലെങ്കിൽക്കൂടിയും പുതിയ നികുതി നിർദ്ദേശങ്ങളൊന്നുമില്ലെന്നത് സ്വാഗതാർഹമായ കാര്യമാണ്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേക അഭിനന്ദനം അറിയിക്കുകയാണ്. ക്ഷേമ പ്രവർത്തനങ്ങൾക്കായി ഗവൺമെന്റിന്റെ റവന്യൂ നികുതി വർദ്ധിപ്പിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. ആയതിനാൽ നികുതി നൽകാൻ കഴിവുള്ള ആളുകളിൽനിന്നവർ നികുതി സമാഹരിക്കേണ്ടത് അത്യാവശ്യമാണ്.

11.00 a.m.]

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സ്ത്രീധന നിരോധന നിയമം സജീവമായി ചർച്ച ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഒരു പെൺകുട്ടിക്ക് അവളുടെ കല്യാണത്തിന് മാന്യമായി അണിഞ്ഞൊരുങ്ങുന്നതിന് 25 പവൻ കണക്കാക്കുകയും അതിൽ കൂടുതൽ സ്വർണ്ണം വാങ്ങുന്ന ആളുകളിൽനിന്ന് നികുതി ഘടനയിൽ മാറ്റംവരുത്തി വേണമെങ്കിൽ കൂടുതൽ ടാക്സ് ഏർപ്പെടുത്തണമെന്നൊരു നിർദ്ദേശമാണുള്ളത്. വിവാഹാവശ്യത്തിനായാണ് സ്വർണ്ണം വാങ്ങുന്നതെങ്കിൽ അത് കാണിച്ച് ഒരു സാക്ഷ്യപത്രം കൂടി നിർബന്ധമാക്കിയാൽ വിവാഹ സമയത്ത് കൂടുതൽ സ്വർണ്ണം അണിയുന്നവരെ കണ്ടെത്താൻ ഒരു പരിധിവരെ സർക്കാരിന് സാധിക്കും. ചരക്കുസേവന മേഖല വളരെയധികം പ്രതിസന്ധി നേരിടുന്ന മേഖലയാണ്. ചരക്കുസേവന നികുതി രംഗത്ത് കാര്യക്ഷമത ഉയർത്തിപ്പിടിക്കാൻ ആവശ്യമായ നടപടികൾ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഓട്ടോമേഷൻ, സർവൈലൻസ് സംവിധാനം, ഡാറ്റാ അനലിറ്റിക്സ് എന്നീ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നികുതി സമാഹരണം മെച്ചപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ആസ്ഥാനമാക്കി ചരക്കുസേവന അപ്പലേറ്റ് ട്രൈബ്യൂണൽ ആരംഭിക്കാനുള്ള തീരുമാനവും നികുതിദായകർക്ക് വളരെ പ്രയോജനം കിട്ടുന്ന ഒന്നാണ്. ജി.എസ്.ടി. നിയമത്തിലെ റിവ്യൂ സംവിധാനം വളരെ അടിയന്തരമായി ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിലൂടെ തെറ്റായ നികുതി നിർണ്ണയം പരിശോധിക്കാനും തെറ്റുണ്ടെങ്കിൽ തിരുത്തുന്നതോടൊപ്പം കൂടുതൽ കൃത്യത നികുതി നിർണ്ണയത്തിൽ കൊണ്ടുവരുന്നതിനും സാധിക്കും. VAT നികുതി കുടിശ്ശികക്കാർക്ക് വളരെ ഉപകാരപ്രദമായ ഒരു ആംനസ്റ്റി പദ്ധതിയാണ് എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ വർഷം നടപ്പിലാക്കിയത്. ഇതിലൂടെ ഏകദേശം 33,000 വ്യാപാരികൾക്കാണ് ആനുകൂല്യം ലഭിച്ചത്. മേൽപ്പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിലൂടെ കേരള മൂല്യവർദ്ധിത നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി ചാർജ്ജ് പ്രകാരമുള്ള കുടിശ്ശിക, കേരള കാർഷികാദായ നികുതി നിയമങ്ങളുടെ കീഴിലുള്ള കുടിശ്ശിക പ്രശ്നങ്ങൾ അടക്കം നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. പുതിയതായി രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങൾക്ക് അടുത്ത അഞ്ചുവർഷത്തേയ്ക്ക് 50 ശതമാനം വാഹന നികുതി ഒഴിവാക്കിയതും പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾക്ക് നികുതിയിളവ് കൊടുത്തതും എൽ.ഡി.എഫ്. സർക്കാരിന്റെ ശ്രദ്ധേയമായ തീരുമാനങ്ങളാണ്. 2018-ലെ പ്രളയത്തിനുശേഷം നിലവിൽ വന്ന പ്രളയ സെസ്സ് 2021 ജൂലൈ മാസം നിർത്തലാക്കുമെന്നാണ് നേരത്തെ സർക്കാർ പ്രഖ്യാപിച്ചിരുന്നത്. പറഞ്ഞ സമയത്ത് അത് നിർത്തലാക്കിയ സർക്കാരിനെ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. നമ്മുടെ രീതികൾ മാറുകയാണ്. പുതിയ വെല്ലുവിളികൾ പുതിയ അവസരങ്ങളാക്കി മാറ്റേണ്ടതിന്റെ അനിവാര്യതയിലേയ്ക്ക് ലോകം മാറുകയാണ്. പൊതുവായ ഒന്നുരണ്ട് നിർദ്ദേശങ്ങൾ കൂടിവച്ചുകൊണ്ട് എന്റെ പ്രസംഗം ചുരുക്കാം. ആരോഗ്യ രംഗത്ത് കൂടുതൽ തുക വകയിരുത്തുന്നതുപോലെ കാണേണ്ടൊരു മേഖലയാണ് കായികരംഗവും. അസുഖം വന്ന് ചികിത്സിക്കുന്നതിനേക്കാൾ നല്ലതാണ് അസുഖം വരാതെ നോക്കുകയെന്നുള്ളത്. ജീവിതശൈലീ രോഗങ്ങൾ കൂടുന്ന ഈ കാലഘട്ടത്തിൽ ചെറുപ്പം മുതലേ ആരോഗ്യ സംരക്ഷണം അഥവാ കായിക ക്ഷമത ശീലമാക്കണം. കോളേജുകളിൽ ഉള്ളതുപോലെ ഇന്റേണൽ മാർക്ക് സമ്പ്രദായം സ്കൂളുകളിൽ ഏർപ്പെടുത്തി കായിക മേഖലയിൽ ഒരു പൊതുമാനദണ്ഡം നിശ്ചയിച്ച് മാർക്ക് നൽകാൻ സർക്കാർ തയ്യാറായാൽ യുവതലമുറ കായിക ക്ഷമതയുള്ളവരായി വളരും. നമ്മുടെ പഠന സമ്പ്രദായം മാറണം. തിങ്കൾ മുതൽ വെള്ളി വരെ ക്ലാസ്സിലിരുന്ന് പഠിക്കുക എന്നതിനുപകരം പഠനത്തോടൊപ്പം ജോലി എന്ന തരത്തിലേയ്ക്ക് പഠന സമ്പ്രദായം മാറിയാൽ ചെറുപ്പക്കാരുടെ സേവനം കൂടി ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയും. ക്യാമ്പസുകളിൽ പഠിക്കുന്ന അനവധിയായ ചെറുപ്പക്കാരുടെ സേവനം രാഷ്ട്രനിർമ്മിതിക്കുകൂടി പ്രയോജന പ്പെടുത്തുന്നതിന് ഇതിലൂടെ കഴിയും. സമൂഹത്തിലെ വിദ്യാർത്ഥികളുടെയും ഒട്ടനവധി ചെറുപ്പക്കാരുടെയും സേവനം ശരിയായ രീതിയിൽ പ്രയോജന പ്പെടുത്താൻ കഴിയുന്നുണ്ടോയെന്ന് നമ്മൾ ആലോചിക്കണം. അതിനൊരു സജഷനുള്ളത് എം.എൽ.എ. ഓഫീസുകളിൽ ഒരു ഇന്റേൺഷിപ്പ് സമ്പ്രദായം നടപ്പിലാക്കിക്കഴിഞ്ഞാൽ, സമൂഹത്തിലേയ്ക്കിറങ്ങിച്ചെന്ന് ഇത്തരം ചെറുപ്പക്കാർക്ക് പ്രവർത്തിക്കാനമ്പർ അതുവഴി അവരുടെ ആശയങ്ങൾ സമൂഹത്തിനുകൂടി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഉപയോഗപ്പെടുത്താനും കഴിയും. ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനകാര്യ ബില്ലിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. സി. മുകുന്ദനുവേണ്ടി ശ്രീ. ഇ. കെ. വിജയൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി അവതരിപ്പിക്കുന്നു. ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങൾ വയ്ക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ സൂചിപ്പിച്ച വിഭവ സമാഹരണത്തിനായി പുതിയ ലക്ഷ്യങ്ങൾ (25, 50 വർഷം) കണ്ടുകൊണ്ടാണ് കിഫ്ബിയുടെ പ്രവർത്തനങ്ങളെല്ലാം നടക്കുന്നതെന്ന്. രാജ്യത്തിന്റെ ആസ്തി വികസിപ്പിക്കുന്നതിനുവേണ്ടിയും നിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിനും വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ പ്രയോജനപ്രദമായ വികസനം കൊണ്ടുവരുന്നതിനുമാണ് ഈ നിക്ഷേപങ്ങളെല്ലാം കൊണ്ടുവന്നിരുന്നത്. കേരളത്തിന്റെ സാമൂഹ്യ സാഹചര്യം കണ്ടുകൊണ്ടാണ് ഇത്തരമൊരു ചിന്ത ഉയർന്നുവന്നത്. ഞാൻ കഴിഞ്ഞ പ്രാവശ്യം സഭയിൽ വന്നപ്പോൾ ആലോചിച്ചു ഈ ഗവൺമെന്റ് എങ്ങനെയാണ് ഇത്രയേറെ വികസന പ്രവർത്തനങ്ങൾ കേരളത്തിൽ നടത്തുകയെന്ന്. രണ്ട് പ്രളയങ്ങൾ, നിപ, ഓഖി, കോവിഡ്, നോട്ടുനിരോധനം തുടങ്ങിയ സമസ്തമേഖലയും തകർന്ന് തരിപ്പണമായി ജനങ്ങൾക്ക് ഒറ്റപ്പെട്ട സാഹചര്യം സൃഷ്ടിച്ചു. പക്ഷേ സമൂഹത്തിലെ ജനങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പോരാട്ടത്തിലൂടെ വളർന്നുവന്ന ജനപ്രതിനിധികൾ അവരുടെ നേതാവെന്ന നിലയ്ക്ക് മുഖ്യമന്ത്രി സഖാവ് പിണറായി വിജയനും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക്കും മന്ത്രിസഭാംഗങ്ങളും ചേർന്നുകൊണ്ട് ഈ നാടിന്റെ മാറ്റത്തിനുവേണ്ടിയുള്ള മുദ്രാവാക്യവുമായി മുന്നോട്ടുപോയി. സ്വാതന്ത്ര്യാനന്തരം നാടിന്റെ മോചനം കണ്ടുകൊണ്ട് പ്രവർത്തിക്കുന്നവരുടെ മുമ്പിലേയ്ക്ക് അധികാരം ലഭിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ പരിധിക്കകത്തുനിന്നുകൊണ്ട് നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി എന്തൊക്കെ ചെയ്യാൻ കഴിയുമെന്നാലോചിച്ച് കേരളത്തിന്റെ വികസനത്തിന് ഭാവനാപൂർവ്വമായ ലക്ഷ്യംവച്ചുകൊണ്ടാണ് കിഫ്ബി കൊണ്ടുവന്നത്. ഉദാഹരണമായി വടകര-കണ്ണൂർ-തലശ്ശേരി ദേശീയപാതയുടെ ഭാഗമായ മുത്തുങ്കൽ-നാദാപുരത്തേയ്ക്കുവരുന്ന റോഡിന്റെ മെയിന്റനൻസിനായി അതിനുമുമ്പത്തെ അഞ്ച് വർഷം എല്ലാ സഭയിലും, ബഡ്ജറ്റിന്റെ സമയത്തും മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും പണം ആവശ്യപ്പെട്ടിട്ടും കിട്ടിയിരുന്നില്ല. തൽക്കാലം മെയിന്റനൻസിനെന്ന നിലയിൽ അന്ന് 5 കോടി രൂപയോ 10 കോടി രൂപയോ ആണ് ചോദിക്കുന്നത്. പക്ഷേ കിഫ്ബി

LIBRARY ARCHIVES Kerala Legislative Assembly

വന്നപ്പോൾ ഫണ്ട് ആവശ്യപ്പെട്ടു, അപ്പോൾത്തന്നെ 43 കോടി രൂപയുടെ ഫണ്ട് അനുവദിച്ചു. ആ റോഡ് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ഇന്ന് മണ്ഡലത്തിലെ ഏറ്റവും ശ്രദ്ധേയമായ റോഡാണ് ഇത്. ഇനി കുറേവർഷം അതിനായി പണം മുടക്കേണ്ട കാര്യമില്ല. അല്ലെങ്കിൽ എല്ലാവർഷവും പി.ഡബ്ല്യു.ഡി.-ക്ക് അതിന്റെ മെയിന്റനൻസിനായി ഫണ്ട് നീക്കിവയ്ക്കണം, കാലവർഷത്തിനനുസരിച്ച് രണ്ടോ മൂന്നോ തവണ റോഡ് നന്നാക്കണം. ഇപ്പോൾ അത്തരം പ്രശ്നങ്ങളില്ലാതെയാണ് പരിഹരിക്കപ്പെട്ടത്. ഇതുപോലെയാണ് കേരളത്തിലാകമാനം റോഡുകളും പാലങ്ങളും കെട്ടിടങ്ങളും നിർമ്മിച്ചത്. അതൊരു ലക്ഷ്യമാണ്. ഇന്ന് ഞാൻ നാളെ നീ. ഇന്നത്തെകാര്യം നോക്കിയല്ല, നാളെ ജനിച്ചുവീഴാൻ പോകുന്ന തലമുറയ്ക്കുവേണ്ടി ഒരു ഭരണകൂടം എങ്ങനെ പ്രവർത്തിക്കണമെന്ന കാഴ്ചപ്പാടോടുകൂടിയാണ്, പഞ്ചവത്സരപദ്ധതി പോലും ഇല്ലാതാക്കുന്ന ഒരു സാഹചര്യത്തിൽ, അത്രയും ദീർഘവീക്ഷണത്തോടെ അന്നത്തെ തലമുറയ്ക്കുകൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലും ജനസംഖ്യയുടെ വർദ്ധനവും അതിന് ആനുപാതികമായി വാഹനത്തിന്റെ പെരുപ്പവുംകൂടി കണക്കാക്കിക്കൊണ്ടുള്ള റോഡുകൾ വേണമെന്ന് കിഫ്ബി തീരുമാനിച്ചത്. ഒരുപക്ഷേ അതിനനുസൃതമായി മണ്ഡലങ്ങളിൽ പ്രവർത്തിക്കാൻ കഴിയണമെന്നില്ല. കാരണം വീതിയുടെ പ്രശ്നം വരുമ്പോൾ വീടും സ്ഥലവും കടകളും നഷ്ടപ്പെടുന്നതിന്റെ പ്രയാസങ്ങളും എതിർപ്പുകളൊക്കെ വന്നേയ്ക്കാം. പക്ഷേ അന്നത്തെ തലമുറയ്ക്ക് ആവശ്യമുള്ളതാണ് ഇന്ന് ചിന്തിച്ചത്. അതാണ് ഒരു ഭരണകൂടം ചെയ്യേണ്ടതും. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. ഈ പദ്ധതികളെല്ലാം ജനകീയമാണ്. ജനങ്ങളുടെ സഹകരണത്തോടെയാണ് ഈ പദ്ധതികളെല്ലാം നടപ്പിലാക്കിയത്. മുമ്പ് പക്ഷം നോക്കിയായിരുന്നു ചെയ്തിരുന്നത്. അക്കാലയളവിൽ ഞങ്ങളുടെ ജില്ലയിലെ ഇടതുപക്ഷ എം.എൽ.എ.മാർ ഈ നിലപാട് തെറ്റാണെന്ന് പറഞ്ഞ് പ്രക്ഷോഭം നടത്തി. ഒരു പൈസപോലും കിട്ടിയിരുന്നില്ല. പക്ഷേ എല്ലാവരോടും, എല്ലാ മണ്ഡലങ്ങളോടും നീതി പുലർത്തിക്കൊണ്ട്, എല്ലാം തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ.മാരാണ്, എല്ലാം ഒരു കുടുംബത്തിലെ അംഗങ്ങളാണെന്നുകണ്ട്, കേരളത്തിലെ ജനങ്ങളെ കണ്ടുകൊണ്ട് 140 മണ്ഡലത്തിലേയ്ക്കും 141 എം.എൽ.എ.മാർക്കും പണം നൽകിയൊരു സമീപനം എൽ.ഡി.എഫ്. കാഴ്ചവച്ചിട്ടുണ്ട്. അന്ന് എം.എൽ.എ.മാരുടെ എണ്ണം 141 ആകാൻ കാരണം ഒരു നോമിനേറ്റഡ് മെമ്പറുണ്ടായിരുന്നു. പുതിയ നിയമമനുസരിച്ച് അതില്ലാതായി. ഒരു ചെറിയ നിർദ്ദേശം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചിലപ്പോൾ നമ്മുടെ നാട്ടിൽ നാടിനോട് സ്നേഹമുള്ള വലിയ പണക്കാരുണ്ടാകും. അതിൽ ഏതെങ്കിലുമൊരു വ്യക്തി, വ്യക്തിപരമായല്ല പൊതുസമൂഹത്തിന്റെ ആവശ്യം കണ്ടുകൊണ്ട് യാത്ര ചെയ്യാനാവശ്യമായ പാലം നിർമ്മിക്കാനോ റോഡുനിർമ്മിക്കാനോ സന്നദ്ധനായി മുന്നോട്ടുവന്നാൽ, അഞ്ചുവർഷത്തേയ്ക്ക് പലിശ നൽകി ഫണ്ട് നൽകാൻ തീരുമാനിച്ചാൽ ആ ഫണ്ട് നമുക്ക് ഉപയോഗപ്പെടുത്താം. അത് മേജർ വർക്കുകളായിരിക്കില്ല. ചിലർ പലിശയും വാങ്ങില്ല. നമുക്ക് ആ വർക്ക് നടത്താൻ കഴിയും. ട്രഷറിയിൽ അവർ പണം നിക്ഷേപിക്കുന്നു. ട്രഷറിയിലൂടെതന്നെ ട്രാൻസ്ഫർ ചെയ്യുന്നൊരു നിലപാട് സ്വീകരിക്കുന്ന പ്രവർത്തനമാണ്. കിഫ്ബിയുടെ ചെറിയ പതിപ്പ്. ഇതിന് സന്നദ്ധരായ ആളുകളുണ്ടെങ്കിൽ ജനപ്രതിനിധികൾ കൂടി സഹകരിച്ചുകൊണ്ട് ഇത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചന നടത്തുന്നത് നല്ലതായിരിക്കുമെന്ന് സൂചിപ്പിക്കുന്നു. വ്യാപകമായി കിട്ടില്ലെങ്കിലും കുറെയേറെ വർക്കുകൾ നാടിനോട് സ്നേഹമുള്ള ആളുകളുടെ സഹായങ്ങൾ നമ്മുടെ കൺസ്ട്രക്ഷൻ മേഖലയ്ക്ക്, പ്രവർത്തന മേഖലയ്ക്ക് ലഭിക്കും. ചിലപ്പോൾ മെമ്മോറിയലായി, അവരുടെ വകയായി കെട്ടിടങ്ങൾ, സ്മാരകങ്ങൾ എന്നിവ പടുത്തുയർത്താനും സാംസ്കാരിക നിലയങ്ങൾ പടുത്തുയർത്താനും ചിലപ്പോൾ ഫണ്ട് നൽകിയെന്ന് വരും. അത് നമ്മൾ ഉപയോഗിക്കേണ്ടതാണ്. കാരണം അവരതിന് സന്നദ്ധരായിരിക്കും. മാത്രമല്ല കേരളത്തിലെ ജനങ്ങളെ നമ്മൾ പൂവിട്ട് പൂജിക്കണം. കാരണം ഈ പ്രതിസന്ധികളിലെല്ലാം കേരളത്തിലെ ഗവൺമെന്റിനോടൊപ്പം അവർ നിന്നു. സർക്കാർ ഒപ്പമുണ്ടെന്ന് തെരഞ്ഞെടുപ്പുവേളയിൽ പറഞ്ഞപ്പോൾ ജനങ്ങൾ നിങ്ങളോടൊപ്പമുണ്ടെന്ന് പറഞ്ഞുകൊണ്ട് സർക്കാരിനെ അല്ലെങ്കിൽ കേരള സമൂഹത്തെ സഹായിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി. അതിന്റെയൊരു ഉയർന്ന പതിപ്പെന്ന നിലയ്ക്ക് അത്തരമൊരു സമീപനം കൂടി കൈക്കൊള്ളാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. ചില ആളുകൾ പലിശ വാങ്ങാത്തവരാണ്. അത്തരത്തിൽ സന്നദ്ധരായ ആളുകൾക്ക് അഞ്ചുവർഷം കഴിഞ്ഞ് അവർ പദ്ധതികൾക്കായി ചെലവാക്കിയ പൈസ മാത്രം തിരിച്ചുകൊടുക്കുന്ന നില നമുക്ക് സ്വീകരിക്കാൻ കഴിയും. ഇതൊരു നല്ല കാര്യമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

കേരളത്തിലെ ഗവൺമെന്റിനെയും മുഖ്യമന്ത്രിയെയും താഴെയിറക്കാൻ ലക്ഷ്യംവച്ചുകൊണ്ട് കഴിഞ്ഞ അഞ്ചുവർഷം എല്ലാ ശ്രമങ്ങളും നടത്തി. അതിന്റെയൊരു പുതിയ പതിപ്പായി, പ്രതി പറഞ്ഞുവെന്ന് പത്രവാർത്ത വന്നതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്ന് വീണ്ടും അലങ്കോലപ്പെടുത്താനുള്ള ശ്രമം നടന്നത്. ഞാൻ ഇന്നലെയും ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചതാണ് പ്രതിപക്ഷം പ്രതിപക്ഷത്തിന്റെ റോൾ നിർവ്വഹിക്കണമെന്ന്. നമ്മളെ തെരഞ്ഞെടുത്തയച്ച ജനങ്ങളെ കണ്ടുകൊണ്ടാണ് നമ്മളെല്ലാവരും പ്രവർത്തിക്കുന്നത്. അതിനനുസൃതമായി ഉയർന്നുപ്രവർത്തിക്കുന്ന നിലയിലേയ്ക്കാണ് വരേണ്ടത്. നിങ്ങൾക്ക് പറയാനുള്ളതൊക്കെ പറയാം. പക്ഷേ, നിയമസഭയുടെ നടപടിക്രമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടല്ലേ നമുക്ക് ഇത് നടപ്പിലാക്കി മുന്നോട്ടുപോകാൻ കഴിയൂ. എല്ലാം നിർബന്ധിതമായി നടപ്പിലാക്കണമെന്ന കാഴ്ചപ്പാടോടെ ഇത്തരം വിഷയങ്ങളെ കാണാൻ പാടില്ല. എല്ലാ ശ്രമങ്ങളും നിങ്ങൾ നടത്തി. നിങ്ങളുടെതന്നെ ദേശീയ നേതാക്കന്മാർ ഇന്നത്തെ കേന്ദ്ര ഗവൺമെന്റെടുക്കുന്ന ഈ നിലപാടുകൾക്കെതിരെ ശക്തിയുക്തമെതിർത്ത് കേരളത്തിൽവന്ന് പരസ്യമായി പറഞ്ഞപ്പോൾ അത് ഞങ്ങൾ ചെവിക്കൊള്ളുന്നില്ലെന്ന സമീപനമാണ് കൈക്കൊണ്ടത്. നിങ്ങളുടെ ഗവൺമെന്റുകളെ അസ്ഥിരപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തിയപ്പോൾ അവിടത്തെ മുഖ്യമന്ത്രിമാരും പി.സി.സി. പ്രസിഡന്റുമാരും കേന്ദ്രമെടുക്കുന്ന ഈ നിലപാടിനെതിരെ പറഞ്ഞു. പക്ഷേ നിങ്ങൾ ഇത് പഠിക്കില്ല എന്ന ബോദ്ധ്യം ഞങ്ങൾക്കുണ്ട്. ജനാധിപത്യവിരുദ്ധമായി 1957-ലെ ഗവൺമെന്റിനെ തകർത്തവരാണ് നിങ്ങൾ. ആ അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിലെ സഖാവ് ഇ.എം.എസ്.-ന്റെ ഗവൺമെന്റിനെ നിങ്ങൾ താഴെയിറക്കി. അതിനുശേഷം എത്ര വർഷം കഴിഞ്ഞാണ് അന്ന് തുടക്കം കുറിച്ച ആരോഗ്യ വിദ്യാഭ്യാസ മേഖലയെ ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ ഗവൺമെന്റ് തുടക്കം കുറിച്ചത്. അല്ലെങ്കിൽ എത്രയേറേ മുന്നോട്ടുപോകുമായിരുന്നു ഈ കേരളം. അന്ന് എയ്ഡഡ് സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ക്കൊണ്ടായാലും ഭൂപരിഷ്കരണ നിയമം വരാൻ പോകുന്നുവെന്ന് കണ്ട് ഭൂസ്വാമിമാരേയും മറ്റെല്ലാ ജാതിമത സംഘടനകളെയും ചേർത്തുപിടിച്ചുകൊണ്ട് ഇന്ന് നിങ്ങൾ നടപ്പിലാക്കുന്നതിന്റെ വേറൊരു പതിപ്പാണ് അന്ന് കേരളത്തിൽ അരങ്ങേറിയത്. അങ്ങനെയൊരു വിമോചന സമരത്തിന് നിങ്ങൾ തിരികൊളുത്തി. പിന്നീടൊരു പ്രത്യേക സാഹചര്യത്തിൽ മാറ്റത്തിന് വിധേയമായി. 'മാറ്റമില്ലാത്തത് മാറ്റത്തിന് മാത്രമാണ് എന്നാണ് മാർക്സ് പറയുന്നത്. നിങ്ങൾ ഇടതുപക്ഷത്തോടൊപ്പം വന്നപ്പോൾ നിങ്ങളുടെ കോൺഗ്രസ്സിന്റെ നേതാവ് ശ്രീ. എ. കെ. ആന്റണി പറഞ്ഞു, വിമോചന സമരത്തിന് അമേരിക്കൻ സി.ഐ.എ.യുടെ സഹായം കൂടി ഉണ്ടായിരുന്നുവെന്ന്. കുട്ടികൾക്കന്ന് ഇഷ്ടംപോലെ പണമുണ്ടായിരുന്നു. അന്ന് കെ.എസ്.യു.വിന്റെ നേതാവാണ് അവരെല്ലാം. കുറച്ച് വർഷം കഴിഞ്ഞ് അദ്ദേഹത്തിനുവന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞു "അന്ന് വിദേശപണം ഞങ്ങൾക്ക് ലഭിച്ചിരുന്നുവെന്ന്". അതുപോലെ ഏത് നെറികെട്ട നിലപാടുകളും സ്വീകരിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ്

വിരുദ്ധ ചിന്താഗതിയും കമ്മ്യൂണിസത്തിനെതിരെയുള്ള പ്രവർത്തനങ്ങളും നടത്തുന്ന നിങ്ങളുടെ സമീപനമെന്തെന്ന് ഞങ്ങൾക്ക് ബോദ്ധ്യമാകുന്നില്ല. വർത്തമാന കാലത്തിൽ രാജ്യത്താകമാനം സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങൾ നടക്കുമ്പോൾ നിങ്ങൾ അവരോടൊപ്പം നിൽക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. നിങ്ങളുടെ മുഖ്യശത്രു ഇൻഡ്യൻ ഇടതുപക്ഷമാണെന്ന നിലയ്ക്കാണ് നിങ്ങൾ പോകുന്നത്. പക്ഷേ കോൺഗ്രസ്സിലെ എല്ലാവരും ആ നയം സ്വീകരിക്കുന്നില്ലായെന്ന് ഞാൻ ഇന്നലെ സൂചിപ്പിച്ചു. ആ സമീപനമാണ് കേരളത്തിലെ കോൺഗ്രസ്സ് എടുക്കുന്നത്. ശ്രീ. എ. കെ. ആന്റണി തന്നെ ഒരിക്കൽ പറഞ്ഞിട്ടുണ്ട് ആർ.എസ്.എസ്.-നെ തിരിച്ചറിയാൻ കോൺഗ്രസ്സുകാർക്ക് കഴിയണമെന്ന്. നേരത്തെ കോൺഗ്രസ്സിൽ ശ്രീ. വയലാർ രവിയുണ്ടായിരുന്നു. ഒരു രാഷ്ട്രീയ ധാരണയോടുകൂടി സംസാരിക്കുന്ന കോൺഗ്രസ്സിലെ നേതാവാണ് അദ്ദേഹം. ഇപ്പോൾ അദ്ദേഹത്തിന് അനാരോഗ്യംമൂലം സംസാരിക്കാനുള്ള ബുദ്ധിമുട്ടുണ്ട്. അതിനാൽ അദ്ദേഹത്തെ നമുക്ക് കാണാൻ കഴിയുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, ബില്ലിന്റെ ചർച്ചയ്ക്ക് സമയപരിധി നിശ്ചയിച്ചിട്ടില്ലെങ്കിലും ഇപ്പോൾ പ്രസക്തമായ കാര്യം ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കുകയെന്നുള്ളതാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ കാര്യം ഞാൻ അംഗീകരിക്കുന്നു. വളരെ വേഗം നിർത്താം. ശ്രീ. വി. എം. സുധീരൻ സാമ്പത്തിക നയം പിശകാണെന്ന് പറഞ്ഞിട്ടുണ്ട്. അദ്ദേഹം കെ.പി.സി.സി.-യുടെ പ്രസിഡന്റായിരുന്നു, മന്ത്രിയായിരുന്നു, എം.പി.യുമായിരുന്നു. കോൺഗ്രസ് ഇപ്പോഴെടുക്കുന്ന നിലപാടുകളെക്കുറിച്ച് പൗരത്വ ഭേദഗതി ബില്ലുമായി ബന്ധപ്പെടുത്തി മുൻകേന്ദ്രമന്ത്രി ശ്രീ. കെ. പി. ഉണ്ണികൃഷ്ണൻ സൂചിപ്പിച്ചിട്ടുണ്ട്. കോൺഗ്രസ്സിന്റെ പാരമ്പര്യം നിങ്ങൾ പഠിക്കണമെന്ന് അദ്ദേഹം മാതൃഭൂമിയിൽ ലേഖനമെഴുതി. കേരളത്തിലെ ഇന്നത്തെ കോൺഗ്രസ്സിന് വന്ന മാറ്റമാണ് ഇത് കാണിക്കുന്നത്. ഇന്ന് ഇന്ത്യ ഭരിക്കുന്ന ആർ.എസ്.എസ്.-ന്റെ സാഹചര്യങ്ങളെ മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കാൻ നിങ്ങൾക്ക് കഴിയേണ്ടതുണ്ട്. മുഖ്യശത്രു അവരാണെന്ന് കണ്ടുകൊണ്ടായിരിക്കണം നിങ്ങളുടെ പ്രവർത്തനം. ഇന്നലെ ഞാൻ ശ്രീ. കപിൽ സിബലിന്റെ കാര്യം പറഞ്ഞു. അതിൽ ഇൻഡ്യൻ ഇടതുപക്ഷവും കോൺഗ്രസ്സുകാരും എല്ലാം പങ്കെടുത്തെങ്കിലും ശ്രീമതി സോണിയയും.......

<u>മി. സ്പീക്കർ</u>: ഇന്നലെ പറഞ്ഞത് ഇന്ന് ഒഴിവാക്കാം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ശ്രീ. രാഹുൽ ഗാന്ധിയും പങ്കെടുത്തിരുന്നു. ഞാൻ ആവർത്തിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: കേൾക്കാൻ പ്രതിപക്ഷത്ത് ആരുമില്ല.

ശ്രീ. ഇ. കെ. വിജയൻ: സർ, കേൾക്കാൻ ഇവിടെ ആളുണ്ട്. കോൺഗ്രസ് തകർന്നുപോകുന്നൊരു സാഹചര്യത്തിലേയ്ക്ക് എത്തിനിൽക്കുകയാണ്. തകരാൻ പാടില്ല എന്നുപറയാനാണ് ഞാൻ സൂചിപ്പിച്ചത്. അങ്ങനെ കോൺഗ്രസ് തകരരുത്. ബി.ജെ.പി.-യെ എതിർക്കാൻ ദേശീയാടിസ്ഥാനത്തിൽ വലിയ പ്രസ്ഥാനങ്ങൾ ഉയർന്നുവരേണ്ട സമയമാണിത്. അതോടൊപ്പം കിഫ്ബിപോലുള്ള സാമ്പത്തിക സമാഹരണവുമായി നമ്മൾ മുന്നോട്ടുപോകേണ്ടിവരും. നികുതി വിഷയത്തിലായാലും മറ്റ് വിഷയങ്ങളിലായാലും സംസ്ഥാനങ്ങളോട് കേന്ദ്രം സ്വീകരിക്കുന്ന ഒരു നിലപാടുണ്ട്. കേരളീയരെന്ന നിലയ്ക്ക് അത്തരം കാര്യങ്ങളിൽ ഇടപെടുന്നതിന് പ്രതിപക്ഷവും അവരുടെ പങ്ക് നിർവ്വഹിക്കാൻ തയ്യാറാകണമെന്ന് പറയാനാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്. ഇന്നത്തെ സാഹചര്യത്തിൽ കേന്ദ്രമെടുക്കുന്ന ഈ നിലപാടുകൾ കേരളത്തിനെതിരാണ്. പ്രളയമുണ്ടായപ്പോൾ നമുക്ക് വിദേശസഹായം നിഷേധിച്ചു, അവർക്ക് മിണ്ടാട്ടമില്ല. കോവിഡിന്റെ കാലയളവിൽ വിദേശത്തുനിന്നുള്ള സഹായം അഭ്യർത്ഥിച്ചപ്പോൾ അത് സ്വീകരിക്കാൻ പാടില്ലായെന്ന് കേന്ദ്രം പറഞ്ഞു. അതിനെതിരെയും അവർക്ക് പ്രതിഷേധമില്ല. അപ്പോൾ തീർച്ചയായും ഈ മാറ്റം കണ്ടുകൊണ്ട് പ്രവർത്തിക്കാൻ അവർ തയ്യാറാകണമെന്ന് സൂചിപ്പിക്കുന്നു. ഈ ധനകാര്യ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ധനകാര്യ ബില്ലിനെ പിന്തുണയ്ക്കുകയാണ്. അന്നന്ന് അദ്ധ്വാനിച്ചുകിട്ടുന്ന കൂലികൊണ്ട് ജീവിച്ചിരുന്ന ഒരു പാമര കുടുംബത്തിലെ അവസ്ഥയിലല്ല സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. സാധാരണ നാട്ടിൻപുറങ്ങളിൽ പഞ്ഞമാസങ്ങളിൽ ഭാവികൃഷിക്കുവേണ്ടി സംഭരിച്ചുവച്ചിട്ടുള്ള 'വിത്തെടുത്ത് കുത്തുക' എന്നൊരു പ്രയോഗമുണ്ട്. അതും കേരളത്തിലെ പിണറായി സർക്കാർ ചെയ്തിട്ടില്ലെന്നുള്ള അഭിമാനകരമായ നേട്ടമാണ് കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഗവൺമെന്റിന്റെ പ്രവർത്തനം പരിശോധിച്ചാൽ കാണാൻ കഴിയുന്നത്. സാമ്പത്തിക മേഖലയിൽ വരുന്ന പ്രതിസന്ധികൾ കേരളത്തിൽ മാത്രമല്ലല്ലോ? ലോകത്തുണ്ടാകുന്ന പ്രതിസന്ധികളും ദേശീയതലത്തിലുണ്ടാകുന്ന പ്രതിസന്ധികളും കേരളത്തെയും സ്വാധീനിക്കുമെന്നുള്ളത് ശരിയല്ലേ? എങ്കിൽപ്പോലും പ്രതിസന്ധിയുടെ കാലത്തും ദീർഘവീക്ഷണത്തോടെ സർക്കാർ മുന്നോട്ടുപോയി. അഴിമതിയില്ല, പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളിലാണ് നമ്മുടെ നിക്ഷേപം നടത്തിയിട്ടുള്ളതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പല രാജ്യങ്ങളും സേവന മേഖലയിൽനിന്നും ഒളിച്ചോടുകയോ പിന്നോട്ടുപോകുകയോ സ്വകാര്യ മേഖലയ്ക്ക് സേവന രംഗത്തെ അടിയറവ് വയ്ക്കുകയോ ചെയ്യുമ്പോൾ കേരളത്തിലെ ഗവൺമെന്റ് ബദൽമാർഗ്ഗം ഉയർത്തി ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും പൊതുഗതാഗത മേഖലയിലും വലിയ നിക്ഷേപമാണ് നടത്തിയത്. കഴിഞ്ഞ യു.ഡി.എഫ്.ന്റെ ഭരണകാലത്ത് അഞ്ച് ലക്ഷത്തോളം വരുന്ന കുട്ടികളാണ് ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽനിന്നും സ്വകാര്യ സ്കൂളുകളിലേയ്ക്ക് പോയത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഏഴ് ലക്ഷത്തോളം വിദ്യാർത്ഥികളെ തിരിച്ച് ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലേയ്ക്ക് കൊണ്ടുവന്നുവെന്ന കണക്ക് നമ്മുടെ മുന്നിലുണ്ട്. ഉത്പാദന രംഗത്തും വലിയ മാറ്റം വരുത്തി. പിന്നാക്ക ജനവിഭാഗങ്ങളുടെ, പ്രത്യേകിച്ച് എസ്.സി./എസ്.ടി. സെക്ടറിലെ ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നല്ല ഇടപെടലുകളാണ് സ്വീകരിച്ചത്. എണ്ണിയാലൊടുങ്ങാത്ത റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം ഈ കാലയളവിലാണ് പൂർത്തീകരിച്ചത്. എന്റെ മണ്ഡലത്തിൽ 33 കിലോമീറ്റർ ദൂരമുള്ള മലയോര ഹൈവേ മിക്കവാറും ഈ വരുന്ന കേരള പിറവിദിനത്തിൽ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. കേരളത്തിലെ ഏക ഇന്റർനാഷണൽ ഐ.ടി.ഐ.-യും എന്റെ മണ്ഡലത്തിലാണ് വരുന്നത്. അതിന്റെ ഉദ്ഘാടനവും നവംബർ മാസത്തിൽ നടത്താൻ കഴിയും. ഈ മാറ്റങ്ങൾ പ്രതിപക്ഷം കാണുന്നില്ല, കേൾക്കുന്നില്ല, അതുകൊണ്ടുതന്നെ കൂടുതൽ പറയേണ്ട കാര്യവുമില്ല. ഇതൊന്നും കാണാതെ എന്തെങ്കിലും 'പൊടിപ്പും തൊങ്ങലും' വച്ച് ഗവൺമെന്റിനെ ആക്രമിക്കാൻ കഴിയുമോയെന്നാണ് അവർ പരിശോധിക്കുന്നത്. അത് തിരുത്തുന്നത് നന്നായിരിക്കുമെന്നാണ് കരുതുന്നത്. സ്വാമി വിവേകാനന്ദൻ കേരളത്തിൽ വന്നപ്പോൾ "നിങ്ങളുടെ സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുക" എന്നുപറഞ്ഞ കാര്യം ഓർമ്മയുണ്ട്. ഇന്ന് നമ്മൾ എവിടെയെത്തി. ഇന്നലത്തെ ചർച്ചകൂടി കഴിഞ്ഞപ്പോൾ ഡിജിറ്റൽ സർവ്വകലാശാല വരെ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് വേണ്ടിയുള്ള നിലപാടിലേയ്ക്ക് കേരളം പുരോഗമിച്ചു. ലോകത്തെ പല രാജ്യങ്ങളിലും പോയി കുട്ടികൾ പഠിച്ച്, നമ്മുടെ പണം മുഴുവനും വിദേശ രാജ്യങ്ങളിൽ കൊണ്ടുപോയി കൊടുക്കുന്ന രീതിയായിരുന്നു പണ്ട് ഉണ്ടായിരുന്നത്. കേരളത്തിൽ ഡിജിറ്റൽ സർവ്വകലാശാലയടക്കം വരുന്നതോടുകൂടി കഴിവുള്ള കുട്ടികൾ ഇവിടെത്തന്നെ പഠിച്ച് കാത്തിരിക്കും. ലോകത്തെ പല രാജ്യങ്ങളിൽനിന്നും ആളുകൾ ഇങ്ങോട്ടുവന്ന് കേരളത്തിലെ കഴിവുള്ള കുട്ടികളെ അവിടേയ്ക്ക് ക്ഷണിക്കുന്ന ഒരു സ്ഥിതി അധികം താമസിയാതെ സംഭവിക്കാൻ പോകുകയാണ്. ഭാവനാസമ്പന്നമായ പദ്ധതികളിലൂടെയും നിശ്ചയദാർഢ്യം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ളുന്നുന്ന ഇടപെടലുകളിലൂടെയും സാദ്ധ്യമാകുന്ന നവകേരള നിർമ്മിതിയിൽ ജനങ്ങൾ ഇടതുസർക്കാരിന് പിന്നിൽ അണിനിരക്കുകയാണ്; ഇത് പ്രകടവുമാണ്.

ഒരു കാര്യംകൂടി ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്, കിഫ്ബി പദ്ധതിയിലൂടെ വിവിധ മേഖലകൾക്ക് പണം നിക്ഷേപിച്ചിട്ടുണ്ട്. ഇന്ത്യ ഒരു കാർഷിക രാജ്യമാണ്, കേരളവും അതിൽനിന്ന് വ്യത്യസ്തമല്ല. കാർഷിക മേഖലകൾക്കുകൂടി ഊന്നൽ നൽകിക്കൊണ്ട് നിക്ഷേപം കൊണ്ടുവരാനുള്ള പരിശ്രമംകൂടി നടത്തണം. എങ്കിൽമാത്രമേ ഗ്രാമീണ സമ്പദ്ഘടനയെ കൂടുതൽ പരിപോഷിപ്പിക്കാനാവൂ, വളർച്ചയിലേയ്ക്ക് നയിക്കാനാവൂ. അക്കാര്യങ്ങളിൽക്കൂടി ഒരു ശ്രദ്ധവേണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

കോവിഡാനന്തര കാലത്തെക്കുറിച്ച് ചിന്തിക്കാറായി. ലോകത്തെ പല രാജ്യങ്ങളും ചിന്തിക്കുന്നത് കോവിഡാനന്തരം ലോകമെന്താകും, രാജ്യമെന്താകും എന്നാണ്. കേരളവും കോവിഡാനന്തര കാലം കേരളത്തിന്റെ സാമ്പത്തിക മേഖല എന്താകുമെന്ന്; ജനങ്ങളുടെ ജീവിതം എങ്ങനെയെന്ന് ചിന്തിക്കേണ്ട സമയമായി. അതിനുള്ള ആലോചനകൂടി ഇതുമായി ബന്ധപ്പെട്ട് നടത്തണമെന്നും കോവിഡിന്റെ പ്രതിസന്ധിയിൽ തളർന്ന് കിടക്കാതെ പ്രതിരോധ പ്രവർത്തനത്തിനുവേണ്ടി മാത്രം നിൽക്കാതെ കോവിഡാനന്തരം കേരളമെന്താകുമെന്നും നാട്ടിലെ ജനങ്ങളുടെ ജീവിതമെന്താകുമെന്നും ചിന്തിക്കുകയും അതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുകയും ചെയ്യണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നിയമസഭയിൽ 2020-21 സാമ്പത്തിക വർഷത്തെ പൂർണ്ണ ബഡ്ജറ്റ് ജനുവരിയിൽ അവതരിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക് അന്നത്തെ നികുതി വ്യവസ്ഥയെക്കുറിച്ച് ബഡ്ജറ്റുമായി ബന്ധപ്പെട്ട് വിശദീകരിക്കുകയുണ്ടായി. 14-ാം കേരള നിയമസഭയുടെ കാലാവധി കഴിഞ്ഞതോടെ വീണ്ടും പിണറായി ഗവൺമെന്റ് അധികാരത്തിൽ വരികയും ശ്രീ. കെ. എൻ. ബാലഗോപാൽ പരിഷ്കരിച്ച ബഡ്ജറ്റ് സഭയുടെ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്തതിൽ നികുതി സംബന്ധമായ ചില ക്രമീകരണങ്ങൾ പഴയ ബഡ്ജറ്റിൽനിന്നും വരുത്തേണ്ടതുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. അതുസംബന്ധിച്ച ധനകാര്യ ബില്ലാണ് ഇന്ന് നിയമസഭയുടെ പരിഗണനയ്ക്ക് വരുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നികുതിയുമായി ബന്ധപ്പെട്ട് ചില പൊതുധാരണകൾ ഇടതുപക്ഷത്തിനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകിച്ച് ഇവിടെ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റിനുണ്ട്. പ്രത്യക്ഷ നികുതി കുറയ്ക്കുകയും പരോക്ഷ നികുതിയുടെ ആക്കംകൂട്ടുകയും ചെയ്യുകയെന്നുള്ളതാണ് എക്കാലത്തും വലതുപക്ഷ ബഡ്ജറ്റുകൾ നിർവ്വഹിച്ചിട്ടുള്ള ധർമ്മം. സത്യത്തിൽ അത് മുതലാളിത്ത ശക്തികളെ സഹായിക്കുന്ന, പാവപ്പെട്ടവരുടെ നാടായ ഇന്ത്യാ രാജ്യത്തെ, പാവപ്പെട്ട ജനങ്ങളെ പിഴിഞ്ഞെടുക്കുന്ന നികുതി സമ്പ്രദായമാണ് പൊതുവിൽ ഇന്ത്യയിൽ മിക്കഘട്ടങ്ങളിലും നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ജി.എസ്.ടി. ഫെഡറൽ സംവിധാനത്തിന് യോജിച്ചതാണോ എന്നുള്ള ചർച്ച ഇന്ത്യയൊട്ടാകെ നടക്കുന്നുണ്ട്. ഒരൊറ്റ രാജ്യം, ഒരൊറ്റ നികുതി എന്ന തീരുമാനം നമുക്ക് കേൾക്കാനും ആലോചിക്കാനും ഇഷ്ടമുള്ള കാര്യമാണ്. എല്ലാ സംസ്ഥാനങ്ങളേയും വേറിട്ട് നിർത്തുന്ന വൈവിദ്ധ്യങ്ങളും വ്യത്യസ്തതകളും നിറഞ്ഞ ഒരു ജീവിത കാലാവസ്ഥയാണ് ഇന്ത്യയിലുള്ളതെന്ന് കാണാം. കേന്ദ്രഭരണ പ്രദേശങ്ങളുൾപ്പെടെ വ്യത്യസ്ത ജീവിതായോധന ക്രമങ്ങളും ജീവിത രീതികളുമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. ഈ ഫെഡറൽ റിപ്പബ്ലിക് എല്ലാ സംസ്ഥാനങ്ങളെയും ഒരുപോലെകണ്ട് ഒറ്റ നികുതി വ്യവസ്ഥ കൊണ്ടുവരുന്നു എന്നുപറഞ്ഞാൽ സാമ്പത്തിക രംഗത്ത് നിലനിർത്തിപ്പോരുന്ന ബഹുസ്വരത ഇല്ലാതാകുന്നു എന്നതാണ് അർത്ഥം. ഒരൊറ്റ രാജ്യം, ഒരൊറ്റ നികുതി എന്ന് കേന്ദ്രം പ്രഖ്യാപിച്ചപ്പോൾ പ്രത്യക്ഷത്തിൽ അത് ഇമ്പമാർന്ന കാര്യമാണെന്ന് തോന്നിയെങ്കിലും ഫലത്തിൽ കേന്ദ്രത്തിന്റെ ഇച്ഛാശക്തിക്കനുസരിച്ച് സംസ്ഥാന സർക്കാരുകളുടെ നികുതിയെ കൈകാര്യം ചെയ്യാനുള്ള ഒരവസ്ഥ അവർക്ക് ക്രമത്തിൽ വന്നുചേരുന്നു എന്നതാണ് അനുഭവത്തിൽനിന്ന് നമുക്ക് പഠിക്കാൻ കഴിയുന്ന കാര്യം. അതോടൊപ്പം പുതിയ മോദി സർക്കാരിന്റെ അധികാരവാഴ്ചയ്ക്കുശേഷം കോൺഗ്രസ് അനുവർത്തിച്ച സാമ്പത്തിക ക്രമങ്ങളെ ഇന്ത്യയിൽ കൂടുതൽ ഗുരുതരമായ ഭവിഷ്യത്തുണ്ടാകുന്ന വിധത്തിൽ കോർപ്പറേറ്റുവത്കരണത്തിന് തുറന്നുകൊടുത്തിരിക്കുകയാണ്. 'കോർപ്പറേറ്റുവത്കരണം = ഫാസിസം' എന്ന് ആധുനിക ധനചിന്ത നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ രാജ്യം പൊതുവിൽ ഫാസിസത്തിലേയ്ക്ക് പോകുന്ന നേരത്താണ്, ഓലത്തുമ്പുകളിൽ സൂര്യപ്രകാശം അതിന്റെ അസ്തമയകിരണ ശോഭകൊണ്ട് ഇപ്പോഴും ചുവന്നതായി നിർത്തുന്ന ഈ കേരളത്തെ, ഒന്നുറക്കെ തള്ളിയാൽ അറബിക്കടലിൽ ചെന്നുപതിക്കാൻ പാകത്തിൽ കിടക്കുന്ന കടലോരമുള്ള ഈ കൊച്ചുസംസ്ഥാനത്തെ, പലതരത്തിൽ കേന്ദ്ര സർക്കാർ ബുദ്ധിമുട്ടിക്കുന്ന സന്ദർഭത്തിലാണ് നമ്മുടെ നികുതി പരിഷ്കാരവുമായി ബന്ധപ്പെട്ട പുതിയ ധാരണകൾ ശ്രീ. പിണറായി വിജയന്റെ ഒന്നാം ഇടതുപക്ഷ സർക്കാരിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക് അവതരിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

നികുതി പണം സംഭരിക്കുന്ന പൊതുഖജനാവിൽ കേരളത്തിന്റെ വികസനത്തിന് വേണ്ട പണം കണ്ടെത്താൻ നമുക്ക് കഴിയുന്നുണ്ടോ? വരുമാനത്തിന്റെ നല്ലൊരു ശതമാനം വികസന പ്രവർത്തനങ്ങൾക്ക് ചെലവാക്കാൻ നമുക്ക് കഴിയാത്ത ഒരവസ്ഥയാണുള്ളത്. ശമ്പളവും പെൻഷനും കൊടുത്തുകഴിഞ്ഞാൽ ഖജനാവ് പൊതുവിൽ കാലിയാകുന്ന ഒരവസ്ഥയാണുള്ളത്. അതിനുകാരണം അടിസ്ഥാന ജനവിഭാഗങ്ങളെ സഹായിക്കാനുള്ള സന്മനസ്സുള്ള ഗവൺമെന്റാണെന്നുള്ളതു കൊണ്ടാണ്. വികസന മേഖലകളെക്കാൾ ജീവിതത്തിന്റെ നല്ല രീതിയിലുള്ള പുനഃസംഘാടനത്തിന് കേരളത്തിൽ ശ്രമിക്കുന്നതുകൊണ്ടാണ് ഖജനാവിലെ പണം ആ രീതിയിൽ വിനിയോഗിക്കാൻ സർക്കാർ തയ്യാറാകുന്നത്. അങ്ങനെയാകുമ്പോൾ സംസ്ഥാനത്തിന്റെ വികസനത്തിന് മറ്റ് മാർഗ്ഗങ്ങളില്ലാതെ വരുന്നു. എന്നാൽ ലോകവും മറ്റ് സംസ്ഥാനങ്ങളും വളരുന്നതിനൊപ്പം കേരളവും മുന്നോട്ടുപോകേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന ഗതാഗത സൗകര്യങ്ങൾ, ഓരോ മനുഷ്യന്റെയും വർദ്ധിച്ചുവരുന്ന സാമൂഹികാവശ്യങ്ങൾ ഇവയെല്ലാം സർക്കാരിനെ വലിയ സമ്മർദ്ദത്തിലാക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഒരു പുതിയ സാധ്യതയിലേയ്ക്ക് സർക്കാർ കടന്നുപോകണമെന്ന് ഉദ്ദേശിക്കുന്നതിന്റെ ഭാഗമായാണ് കിഫ്ബിക്ക് രൂപം കൊടുത്തത്. നികുതി വരുമാനത്തിന്റെ തോതും അതിന്റെ മുഖ്യശ്രദ്ധയും പാവങ്ങൾക്ക് അനുകൂലമായി നിലനിർത്തിക്കൊണ്ട്, നാടിന്റെ വികസനത്തിന് മറ്റൊരു സംവിധാനമുണ്ടാക്കുകയെന്ന ഫലപ്രദമായ സാമ്പത്തിക വിനിയോഗത്തിന്റെ ക്രമീകരണമാണ് ഒരർത്ഥത്തിൽ ഡോ. തോമസ് ഐസക്കിന്റെ നേതൃത്വത്തിലുള്ള കിഫ്ബിയുടെ രൂപീകരണംകൊണ്ട് ഉദ്ദേശിച്ചത്. അതോടെ രാജ്യത്തിന്റെ വികസനത്തിനുവേണ്ടി മറ്റൊരു സ്രോതസ്സുണ്ടാകുകയും ചെയ്തു. നികുതിയിനത്തിലുള്ള വരവ് ജനങ്ങളെ സമ്മർദ്ദത്തിലാക്കാതെ, പ്രത്യക്ഷനികുതിക്ക് ആക്കം കൂട്ടിയും പരോക്ഷ നികുതി കുറച്ചുകൊണ്ടും ക്ഷേമ പെൻഷനുമ്പർ മറ്റ് സാമൂഹിക സംവിധാനങ്ങളിലുള്ള സഹായങ്ങളും വിപുലപ്പെടുത്തിക്കൊണ്ടും ഒരു ജനതയെ സംരക്ഷിക്കാൻ കഴിയുന്ന നികുതിക്രമമാണ് ഈ രണ്ട് ഗവൺമെന്റുകളുടേയും ധനകാര്യ വകുപ്പുമന്ത്രിമാർ ആവിഷ്കരിച്ചത്. ഈ ധനകാര്യ (2-ാം നമ്പർ) ബിൽ കേരളത്തെ സംബന്ധിച്ച് പ്രധാനപ്പെട്ട ഒന്നാണ്. ഇന്ന് പ്രതിപക്ഷം ഇവിടെയില്ല. എന്നാൽ അവർ കേൾക്കേണ്ട ചില വസ്തുതകളുണ്ട്. 1947-ൽ സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം രൂപീകൃതമായ പാർലമെന്റും തുടർന്ന് അംഗീകരിക്കപ്പെട്ട നികുതി വ്യവസ്ഥയും സംബന്ധിച്ച് കാതലായ മാറ്റം കൊണ്ടുവന്ന മോദി സർക്കാരിനോട് കോൺഗ്രസ്സിനുള്ള സമീപനമെന്താണെന്ന് വിവിധ ഘട്ടങ്ങളിൽ നാമെല്ലാം കണ്ടതാണ്. പല തരത്തിലുള്ള നികുതി വ്യവസ്ഥയിലൂടെ കടന്നുപോയിട്ടുള്ള

നാടാണിത്. മുലക്കരം ചുമത്തിയ നാട്, തെങ്ങിൽ കയറുന്നവന് തളപ്പുകരം ചുമത്തിയ നാട്, ഏത് മേഖലയിലും ജോലി ചെയ്യുന്ന മനുഷ്യന്റെ രക്തം ഊറ്റിപ്പിഴിഞ്ഞ് ഭരണകൂടം ഖജനാവ് നിറച്ചിരുന്ന സംസ്കാരമുണ്ടായിരുന്ന കേരളത്തിലെ രാജഭരണകാലം. കൊളോണിയൽ ഭരണകാലത്ത് ബ്രിട്ടീഷ് നികുതി വ്യവസ്ഥ മറ്റൊന്നായിരുന്നു. ഭൂമിയുണ്ടായിരുന്നവർക്ക് മാത്രം വോട്ടവകാശമുണ്ടായിരുന്ന നാട്ടുരാജ്യങ്ങൾ നമുക്കുണ്ടായിരുന്നു. ആ നാട്ടു രാജ്യങ്ങളിൽ ഭൂമിയുള്ളവർ മാത്രം കരമൊടുക്കുകയും അവർക്കുമാത്രം ജനാധിപത്യപ്രക്രിയയിൽ ഇടപെടുന്നതിനുള്ള പൗരാവകാശമുള്ള ജനതയായി കേരള ജനതയെ പരിഗണിച്ചിരുന്നു. അവിടെനിന്ന് സ്വതന്ത്ര രാജ്യത്തിലെ റിപ്പബ്ലിക് എന്ന നിലയ്ക്ക് പരിഗണിക്കപ്പെടുന്ന ഒരു ഫെഡറൽ സ്റ്റേറ്റായി കേരളം മാറിയപ്പോൾ 1957-ൽ അധികാരത്തിൽ വന്ന സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള സർക്കാരാണ് മനുഷ്യനെ കാണാനും മനുഷ്യന്റെ അദ്ധ്വാനത്തിന് വിലമതിക്കാനും അവന് ജീവിക്കാനുള്ള കേരളത്തിലെ നികുതി വ്യവസ്ഥയെ പുനഃക്രമീകരിക്കാനും ആദ്യമായി ശ്രമിച്ചത്. അങ്ങനെയാണ് ജനാധിപത്യ രീതിയിൽ നികുതി പിരിക്കുന്ന ഒരു സമ്പ്രദായം കേരളത്തിലുണ്ടായത്. കേരളത്തിൽ വ്യത്യസ്ത രീതിയിലുള്ള നികുതി വ്യവസ്ഥ നിലവിലുണ്ട്. ലക്ഷക്കണക്കിന് രൂപ ശമ്പളം വാങ്ങുന്ന കോളേജ് അദ്ധ്യാപകർ, അവരുടെ ശമ്പള വർദ്ധനവിനെ ഞാൻ തള്ളിപ്പറയുകയല്ല; വിവിധ തലങ്ങളിൽ ജോലി ചെയ്യുന്ന, നിരവധിയായ സേവന തുറകളിലുള്ളവരിൽനിന്നും പ്രത്യക്ഷമായി പിരിച്ചെടുക്കുന്ന നികുതി, വീട്ടുനികുതി, ഭൂനികുതി എന്നിവ കഴിഞ്ഞാൽ നികുതി ഇനത്തിൽ പ്രത്യക്ഷമായി പിരിച്ചെടുക്കുന്ന സംഖ്യ വളരെ കുറഞ്ഞുപോകുന്ന അവസ്ഥയുണ്ടാകുമ്പോൾ സന്തുലിതാവസ്ഥ തെറ്റായ രീതിയിലാകുമെന്നതുകൊണ്ട് അതിനെ പുനഃക്രമീകരിക്കാൻ പുതിയ ഇടതുപക്ഷ സർക്കാർ പരിശ്രമിക്കുകയുണ്ടായി. ഇന്ന് കേരളത്തിൽ പരോക്ഷ നികുതി വളരെ കുറവാണ്. പരോക്ഷ നികുതിയെന്നാൽ, ഇപ്പോൾ തെരുവിൽ കഴിയുന്ന മനുഷ്യൻ അതായത്, മറ്റുള്ളവരോട് കൈനീട്ടി കഴിയുന്ന ഒരു മനുഷ്യനുണ്ടെങ്കിൽ അവൻ വാങ്ങുന്ന ഒരു തീപ്പെട്ടിക്കോ മറ്റെന്തെങ്കിലും സാധനത്തിനോ പൈസ വസൂലാക്കുന്ന നികുതി, അതുൾപ്പെടെയുള്ള നികുതിയാണ് നമ്മുടെ സഞ്ചിതനികുതി വരുമാനമായി നാം കാണുന്നത്. അങ്ങനെ ഈ രണ്ട് നികുതിയിലും, പരോക്ഷ നികുതിയിൽ സാധാരണ മറ്റ് നികുതികളിൽ കാണാത്ത ഒരു ക്രമീകരണം പാവപ്പെട്ട ജനങ്ങൾക്കനുകൂലമായി കൊണ്ടുവന്നാണ് ഈ രണ്ട് ബഡ്ജറ്റുകളും അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പ്രത്യക്ഷ നികുതിയും പരോക്ഷ നികുതിയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്.

ഇതിൽ ഒരു പ്രധാനപ്പെട്ട കാര്യം, ഏകീകൃത നികുതി സമ്പ്രദായം നമ്മുടെ രാജ്യത്ത് നിലവിൽവന്നതോടുകൂടി സംസ്ഥാനങ്ങളുടെ നികുതി പിരിക്കാനുള്ള അധികാരങ്ങൾ ഏറെ പരിമിതപ്പെടുത്തിയിരിക്കുകയാണ്. സ്വാഭാവികമായും ഈ പറഞ്ഞ രീതിയിലുള്ള നികുതികളെല്ലാം തന്നെ സെൻട്രൽ പൂളിലേയ്ക്ക് പോയി പിന്നീട് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ഒരവസ്ഥയാണ് നിലവിലുള്ളത്. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട കാഴ്ചപ്പാടിൽ നമുക്ക് സംഭവിച്ച പ്രധാനപ്പെട്ട ഒരു വിഷയം, ഒരു കൺസ്യൂമർ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് ജി.എസ്.ടി.യുടെ വിഹിതം വളരെയേറെ വർദ്ധിച്ചുലഭിക്കുമെന്ന സാദ്ധ്യത നമ്മൾ നേരത്തെ മുന്നിൽക്കണ്ടിരുന്നു. നികുതി ഘടനയിൽ പ്രധാനമായി കൺസ്യൂമർ സംവിധാനത്തിന്റെ ഭാഗമായിട്ടല്ല, കൂടുതൽ മേഖലകളെ നികുതി മേഖലയിലേയ്ക്ക് കണക്ക് ചെയ്യുകയും അതോടൊപ്പം സേവനദാതാക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവുമാണ് ജി.എസ്.ടി.-യെ കുറച്ചുകൂടി സഹായകരമാകുന്ന നിലപാടുണ്ടാക്കുന്നതെന്ന് ഇതുമായി ബന്ധപ്പെട്ട് നേരത്തെ സി.ഡി.എസ്. ഉൾപ്പെടെ ചില പഠനങ്ങൾ നടത്തിയിട്ടുണ്ട്. അത് ശരിയാണെന്നുള്ളതിന്റെ തെളിവാണ് കേന്ദ്ര സർക്കാരിന്റെ ജി.എസ്.ടി.യുമായി ബന്ധപ്പെട്ട വർദ്ധനവ്. സംസ്ഥാനങ്ങൾക്ക് അത് കഴിയുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതോടൊപ്പം വർഷങ്ങളായി സംസ്ഥാനങ്ങൾക്ക് കടമെടുക്കാനുള്ള അവകാശങ്ങളും ഓരോ ഘട്ടത്തിലും കുറച്ചുകൊണ്ടുവരുന്നതിന് കേന്ദ്രം നടത്തുന്ന ബോധപൂർവ്വമായ ഒരു ഇടപെടലുണ്ട്. കേന്ദ്രീകൃത സ്വഭാവത്തിലേയ്ക്ക് പോകുന്ന കേന്ദ്ര ഗവൺമെന്റ് ധനകാര്യ മാനേജുമെന്റുകളിലും സംവിധാനങ്ങളിലും ബോധപൂർവ്വമായി നടത്തുന്ന ഇടപെടലുകൾ നമുക്ക് കൃത്യമായിട്ടറിയാം. ഞാൻ ഇന്നലെയും ഇവിടെ സൂചിപ്പിച്ച ഒരു കാര്യമുണ്ട്. G.S.D.P. (Gross State Domestic Product) എന്നത് ആഭ്യന്തര ഉത്പാദനത്തിന്റെയും ഡെബ്റ്റിന്റെയും ഒരു അംശബന്ധമാണ്. ഡെബ്റ്റ് റേഷ്യോയുമായി ബന്ധപ്പെട്ട് പറയുന്ന കാര്യമാണ്. കുറച്ചുകാലമായി ഉത്പാദനത്തിൽ മാന്ദ്യമാണുള്ളത്. പ്രതിപക്ഷം എപ്പോഴും സൂചിപ്പിക്കുന്നൊരു കാര്യം കേരളത്തിന്റെ കടം വർദ്ധിച്ചുകൊണ്ടിരിക്കുന്നു വെന്നതാണ്. കടം എന്നതിൽ ഒരു പുതിയ കൺസെപ്റ്റുള്ളത് കടം വാങ്ങുകയാണെങ്കിൽ നമ്മുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കുമെന്നതാണ്. പ്രസ്തുത കാഴ്ചപ്പാടാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ ചെയ്യുന്നതെന്ന് ഒരിക്കൽക്കൂടി ശ്രദ്ധയിൽപ്പെടുത്താൻ ഈ സന്ദർഭം ഞാൻ വിനിയോഗിച്ചുകൊണ്ട് അങ്ങയുടെ അഭിപ്രായവുംകൂടി അറിയാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി. ബാലചന്ദ്രൻ:</u> സർ, അങ്ങയുടെ അഭിപ്രായം തന്നെയാണ് ഇക്കാര്യത്തിൽ എന്റെയും അഭിപ്രായം. ഡോ. എൻ. ജയരാജ് കേരളം അറിയപ്പെടുന്ന ഒരു എക്കണോമിസ്റ്റാണ്. ചങ്ങറ്റംകൊണ്ട് രാമായണം വായിക്കുന്നുവെന്ന് പറയുന്നതുപോലെയാണ് ഇതുമായി ബന്ധപ്പെട്ട് അങ്ങ് സംസാരിക്കുന്നത്. കേരളത്തിന്റെ നികുതി വ്യവസ്ഥയുമായി ബന്ധപ്പെട്ട് ഇടതുപക്ഷ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ഈ ക്രമീകരണങ്ങൾ ആധുനിക കേരളത്തിന്റെ നിർമ്മിതിക്ക് ആക്കം കൂട്ടാനും സാധാരണ ജനങ്ങളെ കൂടുതൽ ബുദ്ധിമുട്ടിക്കാതെ കൊണ്ടുപോകാനും കഴിയുന്ന വിധത്തിലായിരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സഭ മുമ്പാകെ ബഡ്ജറ്റ് അവതരിപ്പിക്കുന്ന വേളയിലും ശ്രീ. കെ. എൻ. ബാലഗോപാൽ അതാണ് പ്രഖ്യാപിച്ചത്. അദ്ദേഹം ഇവിടെ സൂചിപ്പിച്ച വസ്തുതകൾ ശരിയാണ്. കേന്ദ്ര ഗവൺമെന്റെടുത്തിട്ടുള്ള നികുതി സംബന്ധമായ നയങ്ങൾ കേരളം പോലുള്ള സംസ്ഥാനങ്ങളെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നതാണ്. ആ നയങ്ങൾക്കെതിരെയുള്ള ചില തീരുമാനങ്ങൾ, പ്രതിഷേധങ്ങൾ, അത് കർമ്മരംഗത്ത് എങ്ങനെ പ്രതിഫലിപ്പിക്കാൻ സാധിക്കുമെന്നുള്ളത് കൂടി പരീക്ഷിക്കപ്പെടേണ്ട കാര്യമാണ്. കേന്ദ്ര ഗവൺമെന്റിൽനിന്നും വലിയ മാറ്റം പ്രതീക്ഷിക്കേണ്ട കാര്യമില്ല. നമ്മുടെ പ്ലാനിംഗ് നാം തന്നെ നിർവ്വഹിച്ച് മുന്നോട്ടുപോകേണ്ട സ്ഥിതിയാണുള്ളത്. വർഗ്ഗീയവത്കരണവും ഫാസിസവും അതിന്റെ എല്ലാ ദുരന്തവീഥികളും ഇന്ത്യയ്ക്ക് മുമ്പിൽ വെട്ടിത്തുറക്കുന്ന ഒരു ഗവൺമെന്റായി നരേന്ദ്ര മോദി ഗവൺമെന്റ് മാറിക്കൊണ്ടിരിക്കുന്നുവെന്ന് ഈ മഴക്കാല സമ്മേളനം പാർലമെന്റിൽ തെളിയിക്കുകയാണ്. ഇന്ത്യയുടെ എല്ലാ പൊതുമേഖലയും സ്വകാര്യവത്കരിക്കുന്നതിനും അതിന്റെ താക്കോൽ സ്ഥാനങ്ങളിൽ, ബ്രേക്കും സ്റ്റിയറിംഗും നിയന്ത്രിക്കാനുള്ള സ്ഥാനങ്ങളിൽ, സ്വകാര്യ മൂലധനവും സാമ്രാജ്യ മൂലധനവും വന്നുനിറയുന്നുവെന്നുള്ള വാർത്തയാണ് ഇന്ന് നമ്മൾ പത്രങ്ങളിൽ വായിച്ചത്. ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള എൽ.ഐ.സി. പരിപൂർണ്ണമായി സ്വകാര്യവത്കരിക്കുന്നതിനുള്ള തീരുമാനമെടുക്കുന്ന വാർത്ത ഇന്ന് പത്രങ്ങളിൽ കണ്ടു. എൽ.ഐ.സി.ക്ക് രണ്ട് ചിറകുകളുണ്ടെന്ന് എല്ലാവർക്കുമറിയാം. അതിലൊന്ന് ലൈഫ് ഇൻഷ്വറൻസ്, മറ്റൊന്ന് ജനറൽ ഇൻഷ്വറൻസ്. ലൈഫ് ഇൻഷ്വറൻസിൽനിന്നും ജനറൽ ഇൻഷ്വറൻസിൽനിന്നും ഇന്ത്യയുടെ സാമ്പത്തിക കേന്ദ്രങ്ങളിലേയ്ക്ക് പ്രതിവർഷം അറ്റാദായമായി, ലാഭമായി, പെയ്തിറങ്ങുന്നത് 7800 കോടിയിൽപ്പരം രൂപയാണ്. ആ പൊന്മുട്ടയിടുന്ന താറാവിനെ കൊല്ലാനാണ് ഇന്ന് കേന്ദ്രം തീരുമാനിച്ചിട്ടുള്ളത്. 50 ശതമാനത്തിലധികം ഇൻഷ്വറൻസ് മേഖലയിലെ മൂലധനം സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

മൂലധനത്തിനും സാമ്രാജ്യത്വ മൂലധനത്തിനും അടിയറവയ്ക്കുകയാണ്. 1957-ൽ മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യൻ പാർലമെന്റിൽകൊണ്ടുവന്ന ഒരു നിയമമാണ് ലൈഫ് ഇൻഷ്വറൻസ് ആക്ട് ഓഫ് ഇന്ത്യ. ഇന്ത്യയിൽ 400 സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുണ്ടായിരുന്നു. 400 സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളിൽ പലതും ഹൈന്ദവ-സവർണ്ണ മേലധികാരികളുടെ കൈകളിലായിരുന്നു. ഈ ഇൻഷ്വറൻസ് കമ്പനികളാണ് വ്യത്യസ്ത രീതിയിൽ ഇന്ത്യയിലെ ഇൻഷ്വറൻസ് രംഗം കയ്യടക്കിയിരുന്നത്. കോടിക്കണക്കിന് രൂപയുടെ ആദായം കൊണ്ടുപോയിരുന്നത്. അതിനെ ചോദ്യം ചെയ്തുകൊണ്ട് ഫിറോസ് ഗാന്ധി ഇന്ത്യൻ പാർലമെന്റിൽ ഒരു ബിൽ അവതരിപ്പിക്കുകയുണ്ടായി. കോടിക്കണക്കിന് രൂപയുടെ അഴിമതിയാണെന്നാണ് അദ്ദേഹം ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ചത്. അതിന്റെ അന്വേഷണം ഒരു കമ്മീഷൻ രൂപീകരിക്കുന്നതിൽ എത്തിച്ചേരുകയും ഒരു പ്രതിയുണ്ടാവുകയും ഇന്ത്യയിലെ മുഖ്യപത്രത്തിന്റെ എഡിറ്ററെ അതിന്റെ കുറ്റത്തിന് ശിക്ഷിക്കുകയും ചെയ്തു. അതിനെത്തുടർന്ന് 1957-ൽ ആണെന്നാണ് ഞാൻ ഓർക്കുന്നത്, ഇന്ത്യൻ പാർലമെന്റിൽ ലൈഫ് ഇൻഷ്വറൻസ് ആക്ട് പാസ്സാക്കപ്പെട്ടു. അന്നുമുതൽ ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുണ്ടായിരുന്ന, കോടിക്കണക്കിന് രൂപ ഇന്ത്യൻ ഖജനാവിലേയ്ക്ക് നൽകിയിരുന്ന ഈ വലിയ പ്രസ്ഥാനത്തെ ഇന്ന് സ്വകാര്യവത്കരിക്കുന്ന ബിൽ അവതരിപ്പിച്ചു.

അതുപോലെ വൈദ്യുതി മേഖല, കിട്ടിയ കാശിന് വിൽക്കുന്നതുപോലെ റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചുകൊണ്ട് അതിനെ സ്വകാര്യവത്കരിക്കാൻ ശ്രമിച്ചു. റെഗുലേറ്ററി അതോറിറ്റി എവിടെ രൂപീകരിച്ചിട്ടുണ്ടോ അതിൽ മുതലാളിത്ത കോർപ്പറേറ്റുകൾക്കും പിടുത്തമുണ്ടാകും. പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിലേയ്ക്ക് എത്തിച്ചേർന്നത് അങ്ങനെയാണ്. പെട്രോളിനും ഡീസലിനും പ്രകൃതി വാതകത്തിനും പാചക വാതകത്തിനും പിടിച്ചാൽ പിടികിട്ടാത്ത രീതിയിൽ വിലവർദ്ധിക്കാനുള്ള കാരണം അന്നത്തെ റെഗുലേറ്ററി അതോറിറ്റിക്ക് പെട്രോളിന്റെയും ഡീസലിന്റെയും വിലനിർണ്ണയിക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റ് കൊടുത്തതാണ്. ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്ന സഖാവ് മണി ആശാനെപ്പോലുള്ളവരുടെ കഠിനമായ പ്രയത്നം കൊണ്ട് പവർ കട്ടിംഗും ലോഡ് ഷെഡ്ഡിംഗും ഇല്ലാതാക്കിയ നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിനെപ്പോലും പ്രതിസന്ധിയിലാക്കുന്ന സ്വകാര്യവത്കരണത്തിന്റെ ബിൽ ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ചുകഴിഞ്ഞു. ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മേഖലയാണ് പ്രതിരോധ മേഖല. ആ പ്രതിരോധ മേഖലയിലേയ്ക്ക് ഫോറിൻ ഫണ്ട് വരുന്നു. ഫോറിൻ

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ട്/വിദേശ മൂലധനം വരുന്നുവെന്നുള്ളത് മാത്രമല്ല, അതിന്റെ മർമ്മപ്രധാനമായ മാർഗ്ഗങ്ങളിലേയ്ക്കെല്ലാം വിദേശ മൂലധനവും കോർപ്പറേറ്റുകളും കടന്നുവരികയാണ്. ചാരപ്പണിയുടെ ഏറ്റവും നടുക്കുന്ന വാർത്തകൾ ഇന്ത്യൻ പാർലമെന്റിൽ പുകഞ്ഞുകൊണ്ടിരിക്കുകയാണ്. ഇറ്റലിയിലെ ഒരു സ്വകാര്യ ഏജൻസിയാണ് അത് നടത്തുന്നത്. അത്തരം ഏജൻസികളുടെ മുൻകയ്യിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് ശക്തികൾ ഇന്ത്യൻ പ്രതിരോധത്തിന്റെ താക്കോൽ സ്ഥാനങ്ങളിൽ വന്നാൽ നാളെ എന്ത് സംഭവിക്കുമെന്ന് നമുക്ക് പറയാതെ അറിയാൻ കഴിയും. അതിനോടെല്ലാം ഒരു രാജ്യം ഒരു മനുഷ്യനെപ്പോലെ ഉയർന്നുനിന്ന് പോരടിക്കുമ്പോൾ ഇറങ്ങിപ്പോയ കോൺഗ്രസ്സിനൊപ്പം വിപുലമായ രാഷ്ട്രീയലക്ഷ്യം മുൻനിർത്തിക്കൊണ്ട് ഒന്നുചേർന്ന് പടപൊരുതണമെന്ന് ആഗ്രഹിക്കുന്നവരാണ് ഇടതുപക്ഷം, പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികൾ. കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ശക്തികുറഞ്ഞ സംസ്ഥാനങ്ങളിൽ വർഗ്ഗീയതയുടെ ശക്തി കുറയ്ക്കുന്നതിനായും ഇന്ത്യയുടെ സ്വാതന്ത്ര്യം അപകടത്തിലാക്കാൻ ശ്രമിക്കുന്ന ശക്തികളെ തോൽപ്പിക്കുന്നതിനായും കഴിവിനൊത്തവണ്ണം നാം പോരാടേണ്ടതുണ്ട്. അങ്ങനെ സഹായത്തിന്റേതായ ഒരു രാഷ്ട്രീയം ഉയർത്തിക്കൊണ്ടുവന്ന് ഈ കോർപ്പറേറ്റുവത്കരണത്തെയും സാമ്രാജ്യവത്കരണത്തെയും അതിന്റെ സംഘപരിവാർ രൂപങ്ങളെയും എതിർക്കുന്നതിനുപകരം ഇടതുപക്ഷത്തിന്റെ ആശയത്തെ തന്നെ തകർക്കാനും ഈ രാജ്യത്തിന്റെ നിലനിൽപ്പിനെ അസ്ഥിരപ്പെടുത്താനുമ്പർ വേണ്ടിയുള്ള പരിശ്രമങ്ങളിലേയ്ക്കാണ് വീണ്ടും അധികാരത്തിന്റെ വഴികൾ തെരഞ്ഞുപോകുന്ന കോൺഗ്രസ്സ് ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ആവിഷ്കരിച്ചിട്ടുള്ള ദീർഘവീക്ഷണത്തോടെയുള്ള ഈ നടപടികളെ, ധനകാര്യ ബില്ലിലെ നികുതി വ്യവസ്ഥകളെ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടുകൊണ്ട് കൂടുതൽ ചർച്ച ചെയ്ത് വീണ്ടും ഈ സഭയിലേയ്ക്ക് കൊണ്ടുവരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, കേരളത്തെ സംബന്ധിച്ച് ഈ നിയമസഭാ സമ്മേളനത്തിൽ വളരെ വിശദമായി ചർച്ച നടക്കേണ്ട പ്രധാനപ്പെട്ട വിഷയമാണിത്. ദൗർഭാഗ്യവശാൽ അതിൽ പ്രതിപക്ഷം പങ്കെടുക്കുന്നില്ലെന്നുള്ളത് ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. കേരളം നമ്മുടെ എല്ലാവരുടേതും കൂടിയാണ്. ബഹുമാനപ്പെട്ട ചെയർ ഇവിടെ റൂളിംഗ് നൽകിയതുപോലെ ഇന്നത്തെ ധനകാര്യ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് വളരെ നല്ല നിർദ്ദേശങ്ങൾ വയ്ക്കേണ്ട പ്രതിപക്ഷം, സാധാരണഗതിയിൽ ഇവിടെ ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ അനുവാദമില്ലാത്ത വിഷയത്തിന്റെ പേരുപറഞ്ഞ് പുറത്തേയ്ക്ക് പോയത് അവരുടെ രാഷ്ട്രീയമായ ചില അവസ്ഥകൾ കൊണ്ടാണെന്ന് ഞാൻ മനസ്സിലാക്കുന്നു. മറ്റ് വിമർശനമോ വിഷമമോ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വേണ്ടത്ര ശക്തമായി പ്രതിപക്ഷനേതാവും മറ്റും പ്രവർത്തിക്കുന്നില്ലെന്നുള്ള അവരുടെ മുന്നണിക്കകത്തെയും പാർട്ടിയിലെയും ആഭ്യന്തര വിമർശനത്തെ നേരിടാൻ വേണ്ടിയാണ് അവർ പുറത്തേയ്ക്ക് പോയത്. അല്ലാതെ സഭയിലെ അടിയന്തരപ്രമേയത്തിന്റെ സാംഗത്യത്തിന്റെ പ്രശ്നത്തിലല്ല. അവർ അക്കാര്യം ബോധിപ്പിക്കാൻവേണ്ടി പുറത്തേയ്ക്ക് പോയതാണെന്നതുകൊണ്ട് അവരും ഇക്കാര്യം മനസ്സിലാക്കി ഇതിൽ ഇടപെടുമെന്നാണ് ഞാൻ കരുതുന്നത്.

നേരത്തെ ഇവിടെ ചർച്ച ചെയ്ത വിഷയങ്ങളൊക്കെ സംയോജിപ്പിച്ചുകൊണ്ടുള്ള കാര്യങ്ങൾ തന്നെയാണ് എനിക്ക് ഈ ബില്ലുമായി ബന്ധപ്പെട്ട് പറയാനുള്ളത്. നികുതിയെ സംബന്ധിച്ച് പറയുമ്പോൾ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്. ലോകത്തും രാജ്യത്തുമാകെ ഭരണകൂടങ്ങളുണ്ടാകുന്ന ഘട്ടത്തിൽ ആദ്യം പ്രയോഗത്തിൽ വന്നത് നികുതി വകുപ്പാണ്. രാജ്യങ്ങളുണ്ടാകുന്നതിനുമുമ്പ് നാട്ടുരാജ്യങ്ങളും അതിനുമുമ്പ് നാടുവാഴികളുമുണ്ടായപ്പോൾ അവരുടെ ദൈനംദിന കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ, ഒരു പ്രദേശത്തിന്റെ മൊത്തം ഭരണം ഞാൻ ഏറ്റെടുത്തിരിക്കുന്നുവെന്ന് ഒരു നാടുവാഴി പറഞ്ഞാൽ ആ നാടുവാഴിയുടെ നാട് സംരക്ഷിക്കാനുള്ള ചെലവിനുവേണ്ടിയുള്ള പണമുണ്ടാക്കലാണ് റവന്യൂ. ഭൂമി റവന്യൂവുമായി ബന്ധപ്പെടുത്തിയുണ്ടായ പ്രവർത്തനങ്ങളുടെ തുടർച്ചയായിട്ടാണ് ഇപ്പോഴത്തെ റവന്യൂ വകുപ്പ് ശക്തിപ്പെട്ടുവന്നത്. പണ്ട് ഭൂനികുതിയായിരുന്നു പ്രധാനപ്പെട്ട നികുതി. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുമ്പോൾ തിരുവിതാംകൂറിന്റെ അവകാശം ഏറ്റെടുത്തുകൊണ്ട് മുല്ലപ്പെരിയാർ ഡാം നിർമ്മിച്ച ഘട്ടം അന്നാണ്. മുല്ലപ്പെരിയാറിൽനിന്ന് തമിഴ്നാട്ടിലെ നാലഞ്ച് ജില്ലകളിലേയ്ക്ക് ജലസേചനം നടത്തിയാൽ അവിടെനിന്നും നല്ല ലാൻഡ് റവന്യൂ ശേഖരിക്കാമെന്ന് കരുതിയാണ് ആ ഡാം നിർമ്മിച്ചത്. അങ്ങനെയാണ് മധുരവരെയുള്ള കനാലുകളും മറ്റുമുണ്ടാക്കുന്നത്. അതിനുപകരമായി ബ്രിട്ടീഷ് റസിഡൻസിക്ക് തിരുവിതാംകൂർ രാജ്യത്തിന് വഴങ്ങേണ്ടി വന്നു. അതുകൊണ്ട് അവർ മറ്റൊരു പ്രതിഫലം കൊടുത്തു. ബ്രിട്ടീഷ് അധികാരത്തിൻകീഴിൽ നിന്നിരുന്ന തങ്കശ്ശേരിയും അഞ്ചുതെങ്ങും അടക്കമുള്ള സ്ഥലങ്ങൾ തിരുവിതാംകൂറിന് വിട്ടുകൊടുത്തുകൊണ്ട് പകരം മുല്ലപ്പെരിയാർ ഡാം കെട്ടാനുള്ള അവകാശം ഏറ്റെടുത്തു. മദ്രാസ് റസിഡൻസിക്ക് ലാൻഡ് റവന്യൂ കൂടുതൽ കിട്ടുമെന്നുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്തത്. പഴയ നാട്ടുരാജ്യങ്ങളുടെയും നാടുവാഴികളുടെയും കാലം മുതൽ

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ ജനറേഷൻ പ്രധാനമായിരുന്നു. റവന്യൂ ജനറേഷനുണ്ടാകുന്നതിനുള്ള അധികാരത്തെയും റവന്യൂ ജനറേഷനെയും സംരക്ഷിക്കാൻ പോലീസും പട്ടാളവും. ഇങ്ങനെയാണ് രാജ്യങ്ങളുടെ ശക്തി വിപുലപ്പെട്ടുവന്നത്.

ഒരു പ്രദേശത്തെ അവകാശത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നികുതി പിരിക്കാനുള്ള അവകാശം. അങ്ങനെ നികുതി പിരിക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശമാണ് ജി.എസ്.ടി. വന്നതിലൂടെ നഷ്ടപ്പെട്ടത്. ജി.എസ്.ടി. വന്നതോടെ നികുതി നിരക്കുൾപ്പെടെയുള്ള പല കാര്യങ്ങളും സംസ്ഥാനത്തിന് നിശ്ചയിക്കാൻ കഴിയുന്നില്ല. ജി.എസ്.ടി. നടപ്പിലാകുന്ന നാലുവർഷം മുമ്പും ഫലത്തിൽ നടപ്പിലായ സമയത്തും ആകെയുള്ള വിൽപ്പന വിലയുടെ 16 ശതമാനമായിരുന്നു നികുതിയായി പിരിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 11 ശതമാനമായി കുറഞ്ഞിരിക്കുന്നു. കേരളത്തിനും മറ്റ് സംസ്ഥാനങ്ങൾക്കും കിട്ടേണ്ട നികുതിയുടെ മൂന്നിലൊന്ന് കളക്ട് ചെയ്യാൻ കഴിയുന്നില്ല. അത്രയേറെ റവന്യൂ കുറഞ്ഞിരിക്കുന്നു. മറ്റ് റവന്യൂ കുറവ് വന്നതിനെക്കുറിച്ച് നമുക്കറിയാം. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഈ സമയത്ത് നികുതി വർദ്ധിപ്പിക്കാനും ആളുകൾക്ക് പരമാവധി സേവനമെത്തിക്കാനും എങ്ങനെ കഴിയുമെന്നുള്ളത് പ്രധാനപ്പെട്ട പ്രശ്നമാണ്. ആ പ്രശ്നമുൾപ്പെടെ ഇത്തരം വേദികളിലാണ് ചർച്ചകൾ വരേണ്ടത്. അതിന് രാഷ്ട്രീയ വ്യത്യാസമൊന്നും പ്രശ്നമില്ല; കാരണം കേരളത്തിന്റെ താല്പര്യമാണ്. അങ്ങനെയൊരു ചർച്ചയിൽ പങ്കെടുക്കാൻ എല്ലാവർക്കും കഴിയുന്നില്ലെന്നുള്ളത് ഞാൻ ചൂണ്ടിക്കാണിച്ചതാണ്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ജി.എസ്.ടി.യിലേയ്ക്ക് മാറിയതുകൊണ്ട് സംസ്ഥാനത്തിനുണ്ടായ നഷ്ടത്തെ സംബന്ധിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ജി.എസ്.ടി.യിലേയ്ക്ക് മാറിയതിനുശേഷം സംസ്ഥാനത്തിന് കിട്ടുന്ന വരുമാനത്തിൽ എത്രമാത്രം ഇടിവുണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ; സംസ്ഥാനത്തിന് അർഹതപ്പെട്ട എത്ര കോടി രൂപ ഇനി കേന്ദ്രം നൽകാൻ അവശേഷിക്കുന്നുണ്ടെന്ന് പറയാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇപ്പോൾ ഏകദേശം 3,100 കോടി രൂപയാണ് കിട്ടാനുള്ളത്. ജി.എസ്.ടി. നടപ്പിലാക്കുന്ന ആദ്യഘട്ടത്തിൽ 14 ശതമാനം വാർഷിക വർദ്ധനവുണ്ടാകുമെന്ന കണക്കാണ് തത്വത്തിൽ അംഗീകരിച്ചത്. ആ 14 ശതമാനം വർദ്ധനവ് വന്നില്ലെങ്കിൽ അതിലേയ്ക്കെത്തിക്കാനുള്ള ഭാഗം കേന്ദ്ര ഗവൺമെന്റ് നൽകുമെന്നുള്ളതാണ് Protected Revenue എന്ന കൺസെപ്റ്റ്. ആ Protected Revenue അടുത്ത ജൂലൈ മാസത്തോടെ തീരും. കേരളത്തിൽ 12,000 കോടി രൂപവരെ ടാക്സ് കുറഞ്ഞ വർഷമുണ്ട്. കഴിഞ്ഞ ഒന്നുരണ്ട് വർഷങ്ങളിലാണ് ഏറ്റവും കൂടുതൽ കുറവ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുള്ളത്. ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പു മന്ത്രിയായിരുന്നപ്പോൾ മറ്റ് സംസ്ഥാനങ്ങളും ഈ ജി.എസ്.ടി. കൗൺസിലിൽ വലിയ ചർച്ചയാക്കിയ വിഷയമാണിത്. ഇത് നൽകാൻ പറ്റില്ല, പകരം നിങ്ങൾ കടമെടുക്കാൻ പറഞ്ഞു. അങ്ങനെ കടമെടുത്താൽ സംസ്ഥാനത്തിന്റെ ബാദ്ധ്യതയാകുമെന്ന് പറഞ്ഞപ്പോൾ അതിനെതിരെ വലിയ ചർച്ചകൾ നടന്നു. കേന്ദ്രം കടമെടുത്ത് സംസ്ഥാനങ്ങൾക്ക് കൊടുക്കുകയും പുതിയൊരു പാക്കേജ് അവതരിപ്പിച്ചുമാണ് ആ പ്രശ്നം തീർത്തത്. ഏതായാലും ആ പണത്തിന് നഷ്ടമുണ്ട്. അതിനൊപ്പമാണ് 16 ശതമാനത്തിൽനിന്ന് 11 ശതമാനമാകുന്ന പ്രശ്നം. ടാക്സ് ജി.എസ്.ഡി.പി.-യുടെ വരുമാനത്തിൽ നോക്കിയാൽ, സ്റ്റേറ്റുകൾക്ക് മുമ്പ് ആകെ ജി.എസ്.ഡി.പി.-യുടെ 12 ശതമാനം വരെ കിട്ടിയിരുന്ന നികുതി വരുമാനം, 6 ശതമാനത്തിലേയ്ക്ക് പോയതടക്കമുള്ള പ്രശ്നം വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ നമ്മുടെ നാടിന്റെ ക്ഷേമപ്രവർത്തനത്തിൽ ഏറ്റവും വലിയ പങ്കുവഹിക്കേണ്ട ടാക്സ് കളക്ഷനും ടാക്സ് ഡിപ്പാർട്ടുമെന്റും ഗവൺമെന്റും ശക്തിപ്പെടുന്നതിന് നികുതി വകുപ്പിന്റെ പ്രവർത്തനവും അതിനാവശ്യമായ നിയമങ്ങളും വളരെ പ്രധാനമാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കോമ്പൻസേഷന്റെ കാലാവധി ജൂലൈ മാസത്തോടെ തീരുകയാണ്. കോവിഡ് കാലഘട്ടത്തിൽ മൊത്തത്തിലുള്ള ദേശീയോത്പാദനവും സംസ്ഥാനത്തിന്റെ വരുമാനവും കുറഞ്ഞു. ആ സാഹചര്യത്തിൽ കോവിഡ് കാലഘട്ടത്തെ മുൻനിർത്തി കോമ്പൻസേഷൻ കാലാവധി കുറച്ചുകൂടി ദീർഘിപ്പിക്കാനുള്ള ശ്രമം സംസ്ഥാനങ്ങളുടെ ഭാഗത്തു നിന്ന് ജി.എസ്.ടി. കൗൺസിലിലുണ്ടാകുമോ; കേരളം അങ്ങനെയുള്ള നീക്കങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ? അതല്ലെങ്കിൽ സംസ്ഥാനത്തിന് പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോടും കേന്ദ്ര ഗവൺമെന്റിനോടും കേരളം ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. കേരളം മാത്രമല്ല, അഞ്ച് വർഷംകൂടി കോമ്പൻസേഷൻ കാലാവധി നീട്ടണമെന്ന അഭിപ്രായം ജി.എസ്.ടി. കൗൺസിലിലും ഉയർന്നുവരുന്നുണ്ട്. ഇനിയിപ്പോൾ ജി.എസ്.ടി. കൗൺസിൽ നടത്തേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. വിവിധ സംസ്ഥാനങ്ങൾ ഒരുമിച്ച് ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കി കോമ്പൻസേഷൻ പീരീഡ് അഞ്ച് വർഷംകൂടി നീട്ടണമെന്ന ആവശ്യമാണ് മുന്നോട്ടുവയ്ക്കുന്നത്. അതുമായി നമ്മൾ മുന്നോട്ടുപോകും.

ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കേരളത്തിൽ 11 ശതമാനം ടാക്സ് എന്നുപറയുമ്പോൾ സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ അത്

42, 43 ശതമാനം വരെയാണ്. അത്രയേറെ സൗകര്യങ്ങൾ ആ ഗവൺമെന്റ് ചെയ്യുന്നുണ്ടെന്നുള്ളത് സത്യമാണ്. സ്കാൻഡിനേവിയൻ രാജ്യങ്ങളുടെയത്ര വരുന്നില്ലെങ്കിലും ഇന്ത്യയിൽ ഇത്രയും സൗകര്യങ്ങൾ ചെയ്യുന്ന മറ്റൊരു സംസ്ഥാനമില്ല. ഏറ്റവും കൂടിയ ലാപ്ടോപ് വാങ്ങി കൊടുക്കണമെന്ന് രാവിലെ ഇവിടെ പറഞ്ഞല്ലോ. ഇനിയിപ്പോൾ നാലര ലക്ഷത്തോളം ആളുകൾക്കുകൂടി കിട്ടാനുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.മാരും പഞ്ചായത്തും ജനപ്രതിനിധികളുമെല്ലാം ഇടപെട്ട് ഓരോ മണ്ഡലത്തിലും മൂവായിരം, നാലായിരം ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഇതിനകം വാങ്ങിക്കൊടുത്തിട്ടുണ്ട്. ഇങ്ങനെ കൊടുക്കുന്നത് കേരളത്തിൽ അല്ലാതെ മറ്റെവിടെയുണ്ടാകും? കഴിഞ്ഞ വർഷം പദ്ധതി വന്നപ്പോൾ ടെലിവിഷൻ കൊടുത്തു. ഇപ്പോൾ നാട്ടുകാരുടെ സഹായത്തോടെ മൊബൈൽ ഫോണോ മറ്റ് ഗാഡ്ജറ്റോ കൊടുക്കാൻ തയ്യാറാകുന്നു. കേരളത്തിലെ ഡിജിറ്റൽ എഡ്യുക്കേഷനിൽ സമ്പൂർണ്ണമായും ഇലക്ട്രോണിക് എക്യുപ്മെന്റുകൾ കിട്ടുന്ന, സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ പ്പോലും ഇല്ലാത്ത തരത്തിലേയ്ക്ക് മാറ്റാൻ കഴിയുന്ന, ഒരു ചെറിയ സംസ്ഥാനമാണ് കേരളം. അങ്ങനെ സഹായങ്ങൾ ചെയ്യുന്ന ഒരു സമൂഹം നമ്മുടെ നാട്ടിലുണ്ട്. സ്കാൻഡിനേവിയൻ രാജ്യങ്ങളിലേതുപോലെ ടാക്സ് പെർസന്റേജ് ഇല്ലെങ്കിൽപ്പോലും ആശുപത്രി, സൗജന്യ ചികിത്സ, മറ്റ് സൗകര്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയ്ക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചും നമ്മുടെ നാട്ടിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഇപ്പോൾ നടക്കുന്ന കാര്യങ്ങളെക്കുറിച്ചും കിഫ്ബിയെക്കുറിച്ചും ഇവിടെ പറഞ്ഞു. ഇതെല്ലാം കൂടുതൽ മെച്ചപ്പെടുത്തണമെന്ന ചർച്ചകൾ വന്നു. ചില പുതിയ ടാക്സ് നിർദ്ദേശങ്ങൾ വന്നു.

12.00 Noon]

നാട്ടിലെ സമ്പന്നരായ ആളുകളിൽനിന്ന് സഹായം സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഇ. കെ. വിജയൻ പറഞ്ഞ ചില നിർദ്ദേശങ്ങളുണ്ട്. ട്രഷറിയിലേയ്ക്ക് ആ പണം വാങ്ങുന്നതിന് നമുക്ക് പരിമിതിയുണ്ട്. മുമ്പ് ട്രഷറിയിൽ നിക്ഷേപിക്കുന്ന പണം സർക്കാരിന്റെ ഡെബ്റ്റിൽ വരില്ലായിരുന്നു. എന്നാലിപ്പോൾ ട്രഷറിയിൽ പണം ഡെപ്പോസിറ്റ് ചെയ്താൽ സംസ്ഥാനത്തിന്റെ ഡെബ്റ്റിൽ വരും. അദ്ദേഹം നല്ലൊരു നിർദ്ദേശമാണ് പറഞ്ഞത്. അത്തരം കാര്യങ്ങൾകൂടി പ്രായോഗികമായി, സിസ്റ്റമാറ്റിക്കായി ചെയ്യാനുള്ള നടപടി സ്വീകരിക്കാം. അതുപോലെതന്നെ കിഫ്ബിയെ സംബന്ധിച്ച് ശ്രീ. സി. കെ. ഹരീന്ദ്രൻ സംസാരിച്ചപ്പോൾ കാർഷികമേഖലയിൽ കുറച്ചുകാര്യങ്ങൾകൂടി കിഫ്ബി വഴി ചെയ്യണമെന്ന് സൂചിപ്പിക്കുകയുണ്ടായി. നേരത്തെ മുന്നോട്ടുവച്ച ചില നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടത് ഏറ്റവും കുറവ് പദ്ധതി വന്നത് കാർഷിക മേഖലയിലാണ് എന്നതായിരുന്നു. അത് കിഫ്ബി

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ ഉൾപ്പെടുത്താത്തതുകൊണ്ടല്ല, അത് വേണ്ടത്ര ടേക്ക് ഓഫ് ആയില്ല. 64,000 കോടി രൂപയിൽ 25-30 കോടി രൂപ മാത്രമാണ് കാർഷിക മേഖലയ്ക്കുള്ളത്. കേരളത്തിൽ വളരെ സൗകര്യമുള്ള അഗ്രോപാർക്കുകൾ ആരംഭിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. അതായത് കിഫ്ബിയുടെ പരിമിതിയിൽനിന്ന് പുതിയ നാലോ അഞ്ചോ അഗ്രോ പാർക്കുകൾ കാർഷികമേഖലയിൽ ആരംഭിക്കുമെന്നുള്ള കാര്യം ഞാൻ ഈ സഭയിൽ പറയുകയാണ്. കാർഷികമേഖലയിലെ ഉത്പന്നങ്ങൾ മൂല്യവർദ്ധിതമാക്കാനാവശ്യമായ സൗകര്യങ്ങളും റഫ്രിജറേറ്റഡായ ഗോഡൗണുകളും വാല്യൂ ആഡഡ് പ്രോസസ്സിംഗിനുള്ള സൗകര്യവും ഒരുക്കേണ്ടതുണ്ട്. അതുപോലെ മാർക്കറ്റ് കണ്ടെത്തി എക്സ്പോർട്ട് ചെയ്യാനുമുള്ള വിപുലമായ അഗ്രോപാർക്കുകൾ ആരംഭിക്കേണ്ടതുണ്ട്. ആ പ്രയോറിറ്റി കിഫ്ബിയിൽ വരുന്ന പദ്ധതികൾക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2000 കോടി രൂപ പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റിവഴി അഗ്രികൾച്ചറുമായി ബന്ധപ്പെട്ടുള്ള നിക്ഷേപത്തിനു വേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതാണ്. സംസ്ഥാന ഗവൺമെന്റ് നാല് ശതമാനം വരെ പലിശയിളവ് നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. നബാർഡ് മുഖാന്തരം ഒരു ശതമാനത്തിനോ രണ്ടുശതമാനത്തിനോ പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റിക്ക് പണം ലഭിക്കും. അവിടെ മാർക്കറ്റിംഗും പ്രോസസ്സിംഗും ഡെവലപ് ചെയ്യാം. റെഫ്രിജറേറ്റഡ് ഗോഡൗണോ മറ്റ് ഗോഡൗണുകളോ ഉണ്ടാക്കാം. അവരവരുടെ മണ്ഡലങ്ങളിൽ പ്രോജക്ടനുസരിച്ച് പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിവഴി വായ്പയെടുക്കാൻ സാധിക്കും. അതിന് കേരള ബാങ്ക്, നബാർഡ് തുടങ്ങിയ ബാങ്കുകളിൽനിന്ന് വായ്പയെടുക്കാൻ സാധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും തീരുമാനമെടുത്തിട്ടുണ്ട്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, നബാർഡിന്റെ പ്രൊപ്പോസലുകളുമായി ബന്ധപ്പെട്ടാണ് ഞാൻ പറയുന്നത്. ഫാർമേഴ്സ് ക്ലബ്ബുകൾക്ക് ഈ പറയുന്ന സഹായധനമൊക്കെ പ്രഖ്യാപിക്കുമ്പോൾ ചില നിബന്ധനകൾ വയ്ക്കാറുണ്ട്. ഉദാഹരണമായി, പാലക്കാട് ജില്ലയിൽ വാഴ കൃഷിക്കോ അനുബന്ധ വിളകൾക്കോ ഉള്ള മൂല്യവർദ്ധിത ഉത്പന്നത്തിനുള്ള ഫാർമേഴ്സ് ക്ലബ്ബുകൾക്ക് മാത്രമേ സഹായധനത്തിന് അനുമതിയുള്ളൂ. യഥാർത്ഥത്തിൽ അനുമതി വേണ്ടത് നെല്ലിനാണ്. അതിന് യാതൊരു സഹായവുമില്ല. അതുപോലെ ചില ജില്ലകളിൽ നെല്ലിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇങ്ങനെ ഉണ്ടാകാതിരിക്കാൻ ഓരോ ജില്ലയുടെയും പ്രദേശത്തിന്റെയും സാധ്യത മനസ്സിലാക്കി പ്രോജക്ടുകൾ നബാർഡിനെ ഏൽപ്പിക്കാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നബാർഡിന്റെ സ്കീമല്ല ഞാൻ ഇവിടെ പറഞ്ഞത്. കേരളത്തിൽ നബാർഡിന്റെ മാത്രമല്ല, സഹകരണ മേഖലയെ ഉപയോഗിച്ചുകൊണ്ട് കാർഷിക മേഖലയിൽ പുതിയ പദ്ധതികൾ കൊണ്ടുവരുന്നതിന് പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി (PACS)-ക്കാണ് കൊടുക്കുക. PACS-ന് നെല്ലാണെങ്കിൽ നെല്ല്, പഴവർഗ്ഗങ്ങൾ ഉണ്ടാകുന്ന മേഖലയാണെങ്കിൽ ആ രീതിയിൽ ചെയ്യാൻ സാധിക്കും. ഇവിടെ പഴവർഗ്ഗങ്ങളുപയോഗിച്ച് പുതിയ രീതിയിൽ വൈനുണ്ടാക്കുന്നത് ഉൾപ്പെടെയുള്ള ചർച്ചകൾ നടത്തുകയുണ്ടായി. കശുമാങ്ങ ധാരാളമുള്ള സ്ഥലത്ത് കശുമാങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നമുണ്ടാക്കുന്നത് അടക്കമുള്ള കാര്യങ്ങളും ചെയ്യാൻ സാധിക്കും. അതിനുവേണ്ടി പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി മുൻകയ്യെടുക്കണം. സഹകരണ മേഖലയെ കൂടുതൽ സ്ട്രെങ്ത്തൻ ചെയ്യാനും ശ്രമിക്കണം. കേരള ബാങ്കുമായും നബാർഡുമായും ചർച്ച നടത്തിയിട്ടുണ്ട്. ഫലത്തിൽ ഒന്നോ രണ്ടോ ശതമാനം പലിശയ്ക്ക് കിട്ടുമെങ്കിൽ വലിയൊരു മാറ്റമുണ്ടാകും. ഒരു മണ്ഡലത്തിൽ പ്രായോഗികമായി ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്യണമെന്ന അഭ്യർത്ഥനകൂടി ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളുടെ മുന്നിൽവയ്ക്കുകയാണ്. ഗവൺമെന്റ് അക്കാര്യങ്ങളിൽ ചർച്ച ചെയ്യുന്നുണ്ട്. ഇവിടെ കോവിഡാനന്തര കേരളത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് വച്ചുകൊണ്ടുള്ള പ്രവർത്തനമാണ് നടത്തുന്നത്. കോവിഡാനന്തരം എങ്ങനെയായിരിക്കും ലോകം? അതാണ് നോളഡ്ജ് മിഷൻ പ്രഖ്യാപിച്ചത്. നമ്മൾ കെ-ഡിസ്ക് വഴി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങളുണ്ട്. നേരിട്ട് ജോലി ചെയ്യുന്ന പല ആളുകളും ഓഫീസിൽപ്പോയി ജോലി ചെയ്യാതെയാകും. സെക്രട്ടേറിയറ്റിൽ ഫയൽ മുഴുവൻ ഇ-ഫയൽ ആയി. ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥന് അവർക്ക് അനുവാദമുണ്ടെങ്കിൽ ഡൽഹിയിൽ പോയാലും മറ്റൊരു രാജ്യത്ത് പോയാലും ഇ-ഫയൽ വഴി കാണാൻ സാധിക്കും. പഴയ ഫയലും അതുവഴി വായിക്കാം. ആ തരത്തിലേയ്ക്ക് സാങ്കേതികവിദ്യ മാറിയിട്ടുണ്ട്. സാധാരണ സർക്കാർ പ്രൈവറ്റ് മേഖലയെക്കാളും അല്പം സ്ലോ ചെയ്ത് എടുക്കുന്നതാണ്. എന്നാൽ സർക്കാർ സ്ഥാപനത്തിൽപ്പോലും അങ്ങനെവന്നു. തൊഴിലിന്റെ കാര്യത്തിൽ ഇത്തരം സർവ്വീസ് ചട്ടങ്ങളിൽ വലിയ മാറ്റമുണ്ടാകും. എല്ലാ കാര്യങ്ങളും അങ്ങനെ ചെയ്യാൻ സാധിക്കില്ല. ഫിസിക്കലായി പോകേണ്ട കാര്യങ്ങൾ ഫിസിക്കലായി പോയേ പറ്റുകയുള്ളൂ. വലിയ മാറ്റമുണ്ടാകും എന്നുമാത്രമല്ല ഈ ടെക്നോളജിക്കൽ ഡെവലപ്മെന്റിന്റെ ഭാഗമായി വരുന്ന ധാരാളം കാര്യങ്ങളുണ്ട്. ആ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് അത് ചെയ്യുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. അഭ്യസ്തവിദ്യരായവർ, കുടുംബിനികളായ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് തൊഴിൽ കിട്ടാനുള്ള പദ്ധതികൾ

കെ-ഡിസ്കിന്റെ നേതൃത്വത്തിൽ നോളജ് ഇക്കോണമിയിലൂടെ സാധിക്കുന്നതാണ്. ഇതുവഴി മാത്രമേ വികസന പദ്ധതികൾ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. കാർഷിക/വ്യാവസായിക മേഖലകളിൽ കൂടുതൽ നിക്ഷേപം വരുന്ന തരത്തിലുള്ള കാര്യങ്ങളുൾപ്പെടുത്തി മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, നീര ഉത്പാദനത്തിനുവേണ്ടി പ്ലാന്റുകൾ സ്ഥാപിച്ച കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനികളെല്ലാം സാമ്പത്തിക പ്രതിസന്ധിയിലാണ്. ഉപയോഗിച്ച ടെക്നോളജി വിജയകരമായിരുന്നില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അങ്ങനെ വിഷമാവസ്ഥയിലായ കമ്പനികളെ സഹായിക്കാനും സംരക്ഷിക്കാനുമുള്ള എന്തെങ്കിലും പദ്ധതികൾ അങ്ങ് ആവിഷ്കരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കാർഷികമേഖലയിൽ നിരവധി പദ്ധതികളുണ്ട്. ഇപ്പോൾ 10 കോടി രൂപ എടുക്കുമ്പോൾ ആ തുക തിരിച്ചടയ്ക്കേണ്ടെന്ന് കരുതിയല്ല എടുക്കേണ്ടത്. അതിന് കൃത്യമായ ഒരു പദ്ധതി വേണം. ഈ പറഞ്ഞ നാളികേര സംഘങ്ങളെ എനിക്ക് നേരിട്ടറിയാവുന്നതാണ്. ഞാനും കർഷകരുടെ സംഘടനയുടെ ഭാഗമായി പ്രവർത്തിച്ചിരുന്നതാണ്. അവർ കുറേ നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ നീരയുടെ കാര്യത്തിൽ മാത്രമേ അവർക്ക് പോരായ്മ സംഭവിച്ചിട്ടുള്ളൂ. നീര വളരെ നല്ലൊരു പ്രോഡക്ടാണെങ്കിലും അതിന്റെ മാർക്കറ്റിംഗിൽ കുറേ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. വിവിധ വകുപ്പുകളുമായി കോ-ഓർഡിനേറ്റ് ചെയ്താൽ അത് കുറച്ചുകൂടി നല്ലരീതിയിൽ ചെയ്യാൻ സാധിക്കും. വലിയതോതിൽ കടമെടുത്തിട്ടുണ്ടെങ്കിൽ ആ കടത്തിന് വൺടൈം സെറ്റിൽമെന്റ്പോലുള്ള കാര്യങ്ങളല്ലാതെ മുഴുവൻ തുകയും എഴുതിത്തള്ളാൻ സാധിക്കുകയില്ല. അങ്ങ് പറഞ്ഞ സ്ഥാപനങ്ങളിൽ 25 ലക്ഷം രൂപ കടമെടുത്തപ്പോൾ വന്നിട്ടുള്ള ബാദ്ധ്യതകളുണ്ട്. അത് നീര മാർക്കറ്റ് ചെയ്യാൻ കഴിയാത്തതുൾപ്പെടെയുള്ള കാര്യങ്ങളാണ്. കൃഷി വകുപ്പിന്റെയുംകൂടി സഹായത്തോടെ അത് നന്നായി വിജയിപ്പിക്കാൻ സാധിക്കും. വിവിധ മേഖലകളിൽ പ്രോഡക്ടുണ്ടായാൽ ആ പ്രോഡക്ടുകൾക്ക് മാർക്കറ്റിംഗ് ചെയ്യാനുള്ള സംവിധാനംകൂടി വേണം. അത് വിവിധ വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കാൻ സാധിക്കും. നാളികേരത്തിന്റെ കാര്യത്തിൽ അങ്ങനെയൊരു പ്രശ്നം വരുന്നില്ലായെന്നുള്ളതാണ്. ഈ കാര്യങ്ങളെല്ലാം നന്നായി നടത്തുന്നതിന് ടാക്സ് വർദ്ധിപ്പിക്കണം. കേരളം സമ്പന്നമായ സ്റ്റേറ്റാണ്. രണ്ടോമൂന്നോ ലക്ഷം മൊബൈൽ ഉൾപ്പെടെ കൊടുക്കാൻ ഹൃദയവിശാലതയുള്ളതാണ്. സംസ്ഥാന സർക്കാരിന് ടാക്സ് വരുന്നതിലും ടാക്സ് കൃത്യമായി അടയ്ക്കുന്നതിലും പ്രശ്നം വരുന്നുണ്ട്. സമ്പന്നമായ സംസ്ഥാനമാണെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് അത്രയും സമ്പന്നമല്ല. അങ്ങനെ നോക്കുമ്പോൾ, മറ്റ് പല സ്റ്റേറ്റുകളിലുള്ള ജനസംഖ്യയുമായോ അല്ലെങ്കിൽ ജി.ഡി.പി.-യുമായോ താരതമ്യം ചെയ്യുമ്പോൾ നമുക്ക് ടാക്സ് അത്രയും വരുന്നില്ല. ടാക്സിന്റെ കാര്യത്തിൽ കുറേക്കൂടി കൃത്യമായിട്ടുള്ള സമീപനം വേണം.

ഇവിടെ ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതുസംബന്ധിച്ച് ഇന്നലെയും ഒരു ചർച്ച വന്നു. പച്ചക്കറി കൊണ്ടുവരുന്ന ലോറിയിൽ വിലപിടിപ്പുള്ള വേറെ സാധനങ്ങളായിരിക്കും. ഇ-വേ ബിൽ മുഖാന്തരം അവിടെനിന്ന് കയറ്റി അയയ്ക്കുന്ന സാധനങ്ങൾ കൃത്യമായ ടാക്സ് പരിധിക്കകത്ത് വരത്തക്ക വിധത്തിൽ കാര്യങ്ങൾ ശക്തിപ്പെടുത്തണം. അതിനാവശ്യമായ ആധുനിക സാങ്കേതിക വിദ്യകൾ കുറെയേറെ വകുപ്പിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു വണ്ടി അതിർത്തിയിലേയ്ക്ക് വരുമ്പോൾ ചെക്ക് പോസ്റ്റ് ഇല്ലെങ്കിലും ആ വണ്ടിയുടെ നമ്പരും കൊണ്ടുവരുന്ന സാധനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും മനസ്സിലാക്കാൻ പല സ്ഥലത്തും ഇലക്ട്രോണിക് മാധ്യമങ്ങളും ടെക്നോളജിയുടെ കാര്യങ്ങളും ഇന്റലിജൻസ് സംവിധാനവും ഉപയോഗിച്ചുകൊണ്ടുള്ള സർവ്വയലൻസ് സിസ്റ്റമുണ്ട്. അതെല്ലാം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ഓൺലൈൻ സംവിധാനംവഴി ഒട്ടനവധി പർച്ചേസുകൾ നടക്കുന്നുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ മുംബൈയിലാണ് കമ്പനി രജിസ്റ്റർ ചെയ്തിരിക്കുന്നതെങ്കിലും മഹാരാഷ്ട്രാ ഗവൺമെന്റിനാണ് ജി.എസ്.ടി. ലഭിക്കുന്നത്. അങ്ങനെ വരുന്ന നഷ്ടം കോമ്പൻസേറ്റ് ചെയ്യാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, ഓൺലൈൻ പർച്ചേസുകൾവഴി ടാക്സ് നഷ്ടമാകുന്ന പ്രശ്നമുണ്ട്. നിയമമനുസരിച്ച് ഓൺലൈൻ സംവിധാനത്തിൽ ടാക്സ് ഏർപ്പെടുത്താനുള്ള കാര്യങ്ങളുണ്ടെങ്കിലും അതിൽ പലപ്പോഴും ഒഴിവാക്കലുകളും ഒഴിഞ്ഞുമാറലുകളും വരുന്നുണ്ടെന്ന പ്രശ്നമുണ്ട്. അതിൽ സാങ്കേതികമായി കുറച്ചുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഇപ്പോൾ ജി.എസ്.ടി. ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫറും മറ്റു കാര്യങ്ങളുമെല്ലാം കഴിഞ്ഞിരിക്കുകയാണ്. നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പുതന്നെ അഡീഷണൽ പോസ്റ്റുകൾ ആളുകൾക്ക് കിട്ടത്തക്കവിധം 75-ഓളം പുതിയ അപ്പോയിന്റ്മെന്റ് നടത്തിയിട്ടുണ്ട്. അതിനുശേഷം ടാക്സ് കളക്ഷനും സിസ്റ്റവും കറക്ടാക്കാൻവേണ്ടി ജി.എസ്.ടി. ഡിപ്പാർട്ടുമെന്റിനെ പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് പുന:സംഘടിപ്പിക്കാനും പുനഃക്രമീകരിക്കാനുമുള്ള ശ്രമങ്ങളെടുക്കുന്നതാണ്. ഡിപ്പാർട്ടുമെന്റുവൈസായി കളക്ഷൻ കൂട്ടാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. അങ്ങനെ ചെയ്ത് ടാക്സ് കളക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചുകൂടി മെച്ചപ്പെടുത്താനുള്ള ശ്രമമുണ്ടാകും. കോവിഡിന്റെ സാഹചര്യത്തിൽ കച്ചവടം കുറഞ്ഞതുകൊണ്ട് സാധാരണ കച്ചവടക്കാർക്ക് സമയത്തിന് സ്റ്റേറ്റ്മെന്റ് കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് ഡേറ്റ് ദീർഘിപ്പിച്ചുനൽകലാണ് ഇപ്പോഴത്തെ നിയമത്തിൽ കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമത്തിനകത്ത് സാങ്കേതികമായ കാര്യങ്ങൾ മാത്രമേ വന്നിട്ടുള്ളൂ. അത് കച്ചവടക്കാർക്ക് കുറച്ചുകൂടി സഹായകരമാകുകയും പണമടയ്ക്കാൻ അൽപ്പംകൂടി സമയം നീട്ടിക്കിട്ടുകയും ചെയ്യും. കോവിഡിന്റെ പശ്ചാത്തലത്തിൽ എല്ലാവർക്കും ഉണ്ടായതുപോലെ കച്ചവടക്കാർക്കും ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് ടാക്സ് അടയ്ക്കാനുള്ള ഡേറ്റ് നീട്ടിക്കൊടുക്കുന്നത്.

മറ്റൊന്ന്, ഹരിത കെട്ടിടങ്ങൾ നിർമ്മിച്ചാൽ ടാക്സ് ഇളവ് നൽകുന്നതിനുള്ള നിയമപരമായ അമെന്റ്മെന്റാണ് വരുത്തിയിരിക്കുന്നത്. പ്രകൃതിയുമായി ബന്ധപ്പെട്ട് പരിസ്ഥിതി സൗഹൃദമായ വലിയൊരു പരിപാടിയാണ്. ഗ്രീൻ ഇനിഷ്യേറ്റീവിന്റെ ഭാഗമായി എൽ.എൻ.ജി.ക്ക് ഉണ്ടായിരുന്ന 14.50 ശതമാനം ടാക്സ് 5 ശതമാനമായി കുറച്ചിട്ടുണ്ടെന്ന ഭേദഗതിയും വരുത്തിയിട്ടുണ്ട്. ഇതെല്ലാം നമ്മുടെ വ്യാപാരി സമൂഹത്തെയും ഗ്രീൻ ഇനിഷ്യേറ്റീവിനെയും ശക്തി പ്പെടുത്താനുള്ള ശ്രമമാണ്. ഇതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളിലെ നിർദ്ദേശങ്ങളും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. വി. ശ്രീനിജിൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. സി. കെ. ഹരീന്ദ്രൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സംബന്ധിച്ച അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2021-ലെ കേരള ധനകാര്യ ബിൽ

രണ്ടാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വകുപ്പ്</u>

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാലാം വകുപ്പ്</u>

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അഞ്ചാം വകുപ്പ്</u>

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആറാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഒൻപതാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ
അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

രണ്ടാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>മൂന്നാം വകുപ്പ്</u>

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാലാം വകുപ്പ്</u>

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## VII അറിയിപ്പ്

### സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള പൂക്കളം

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2021 ആഗസ്റ്റ് 10-ാം തീയതി ഉദ്ഘാടനം ചെയ്ത 'ആസാദി കാ അമൃത് മഹോത്സവ്' പരിപാടിയുടെ ഭാഗമായി സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ എന്ന ആശയം കേരളത്തനിമയിൽ ആവിഷ്കരിക്കുന്നൊരു പൂക്കളം നിയമസഭാ മന്ദിരത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ തെക്കുഭാഗത്തെ പ്രവേശന കവാടത്തിനുള്ളിലായി നാളെ രാവിലെ ഒരുക്കുന്നതാണ്. പ്രസ്തുത പൂക്കളത്തിൽ നാളെ രാവിലെ 8.45-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ് എന്നിവർ ചേർന്ന് നിലവിളക്ക് തെളിയിക്കുന്നതുമാണ്. തദവസരത്തിൽ എല്ലാ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളും സന്നിഹിതരാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.20-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly